25
2022
ജനുവരി
ചൊവ്വ
മകരം 11

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 226 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-226 പേജ് 4. വില 2.00 രൂപ




02 മൂന്നാം തരംഗത്തെ ഒന്നിച്ചു നിന്ന് മറികടക്കാം: മുഖ്യമന്ത്രി പിണറായി വിജയൻ
03 വീടുകളിൽ മരുന്നെത്തിക്കാൻ ആരോഗ്യ വകുപ്പിന്റെ പ്രത്യേക പദ്ധതി
04 എസ്എൻഡിപി യോഗം തിരഞ്ഞെടുപ്പിലെ പ്രാതിനിധ്യ വോട്ടവകാശം റദ്ദാക്കി

## തീയറ്ററുകളും ജിംനേഷ്യങ്ങളും അടച്ചിടും

# തിരുവനന്തപുരത്ത് കൂടുതൽ നിയന്ത്രണങ്ങൾ

തിരുവനന്തപുരം: കോവിഡ് വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ തിരുവനന്തപുരത്ത് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ തീരുമാനമായി. ജില്ലയെ സി കാറ്റഗറിയിൽ ഉൾപ്പെടുത്തി.

തീയറ്ററുകളും ജിംനേഷ്യങ്ങളും അടച്ചിടും. കോളജുകളിൽ അവസാന സെമസ്റ്റർ ക്ലാസുകൾ മാത്രമേ നടത്തൂ. ബാക്കി ക്ലാസുകൾ ഓൺലൈനിലേക്ക് മാറ്റും.

സാമൂഹിക, സാമുദായിക, രാഷ്ട്രീയ പരിപാടികൾ പാടില്ല. മരണം, വിവാഹം ചടങ്ങുകളിൽ പരമാവധി 20 പേർ മാത്രമേ പങ്കെടുക്കാവൂ. മതപരമായ ചടങ്ങുകൾ ഓൺലൈനായി നടത്താം. ഹാജർ കുറഞ്ഞാൽ ക്ലാസുകൾ അടയ്ക്കാം. 40 ശതമാനത്തിൽ കൂടുതൽ രോഗബാധിതരുണ്ടായാലും സ്കൂളുകൾ അടയ്ക്കാമെന്നും നിർദേശത്തിൽ പറയുന്നു.

അതേസമയം, കൊല്ലം, തൃശൂർ, എറണാകുളം, വയനാട്, ഇടുക്കി, പാലക്കാട്, ആലപ്പുഴ, പത്തനംതിട്ട ജില്ലകളെ ബി കാറ്റഗറിയിൽ ഉൾപ്പെടുത്തി.



ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി സന്ദർശിച്ച് കോവിഡ് ചികിത്സാ സൗകര്യങ്ങൾ നേരിട്ട് വിലയിരുത്തി. സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഐസിയു, വെന്റിലേറ്റർ നിറഞ്ഞു എന്ന തരത്തിലുള്ള വാർത്തകൾ തെറ്റാണെന്ന് മന്ത്രി രാവിലെ വ്യക്തമാക്കിയിരുന്നു. ഇന്നുതന്നെ മെഡിക്കൽ കോളേജിലെ അവസ്ഥ നേരിട്ട് വിലയിരുത്താൻ മന്ത്രി കോവിഡ് അവലോകന യോഗത്തിന് ശേഷം മെഡിക്കൽ കോളേജിൽ പോയി. മെഡിക്കൽ കോളേജിലെ ഐസിയു കിടക്കകൾ, വെന്റിലേറ്റർ, ഓക്സിജൻ കിടക്കകൾ ഉൾപ്പെടെയുള്ളവ നേരിൽ കണ്ടു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യത്തിനുണ്ടെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. യാതൊരു ആശങ്കയ്ക്കും അടിസ്ഥാനമില്ല. എല്ലാ സജ്ജീകരണങ്ങളും മെഡിക്കൽ കോളേജിൽ നേരിട്ട് കണ്ട് ബോധ്യമായി. ഇന്നത്തെ പുതിയ രോഗികൾ ഉൾപ്പെടെ 28 കോവിഡ് രോഗികളാണ് ഐസിയുവിലുള്ളത്. ഇനിയും നൂറിലധികം ഐസിയു കിടക്കകൾ കോവിഡ് രോഗികൾക്കായി മെഡിക്കൽ കോളേജിൽ തയ്യാറാണ്. രോഗികൾ കൂടുന്ന മുറയ്ക്ക് കൂടുതൽ ഐസിയു കിടക്കകൾ, ഐസിയു വാർഡുകൾ എന്നിവ കോവിഡ് രോഗികൾക്കായി തുറക്കുന്നതാണ്. പുതിയ രോഗികൾ ഉൾപ്പെടെ ആറ് കോവിഡ് രോഗികൾ മാത്രമാണ് വെന്റിലേറ്ററിലുള്ളത്. മതിയായ ആരോഗ്യ പ്രവർത്തകരെ നിയമിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

## കോവിഡിനു മിന്നൽ വേഗം; ആശുപത്രികളിലും തിരക്കേറുന്നു

കോവിഡ് ഗൃഹനിരീക്ഷണം മതിയാകുമെന്ന മാർഗനിർദേശങ്ങൾ നിലവിലുള്ളപ്പോൾത്തന്നെ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്നവരുടെ എണ്ണവും വർധിച്ചു. സർക്കാർ സംവിധാനത്തിലെ ആശുപത്രികളിൽ ഐസിയു കിടക്കകൾ ഏതാണ്ട് നിറഞ്ഞു.

പത്തനംതിട്ട ജനറൽ ആശുപത്രിയിലെ 45 ഐസിയു കിടക്കകളും നിറഞ്ഞിരിക്കുകയാണ്. ഇതിൽ 11 കോവിഡ് രോഗികളുമുണ്ട്. ജില്ലാ ആശുപത്രിയിലും കിടത്തി ചികിത്സ സംവിധാനമുള്ള താലൂക്ക് ആശുപത്രികളിലും തിരക്കേറിയിരിക്കുകയാണ്.

ഇതര രോഗങ്ങൾ മൂലം ബുദ്ധിമുട്ടുള്ളവർ കോവിഡ് ബാധിച്ചാൽ ആശുപത്രികളിലേക്കു മാറാനാണ് താത്പര്യപ്പെടുന്നത്. തിരക്ക് വർധിക്കാൻ ഇതു കാരണമായിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലും തിരക്ക് ഏറിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ പുതുതായി കോവിഡ് ചികിത്സാ കേന്ദ്രങ്ങൾ തുറന്നിട്ടില്ല. നിലവിലെ സംവിധാനങ്ങളിൽ മാത്രമാണ് മുന്നോട്ടു പോകുന്നത്. സിഎഫ്എൽടിസികൾ ആരംഭിക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾ തയാറാകുന്നില്ല. ഭാരിച്ച ബാധ്യതകളാണ് കഴിഞ്ഞതവണ ഇവർക്കുണ്ടായതെന്നതാണ് കാരണം.

ആലപ്പുഴയിൽ കോവിഡ് വ്യാപനം രൂക്ഷമായതോടെ ആലപ്പുഴ ജില്ലയിലും ചികിത്സ പ്രതിസന്ധി സൃഷ്ടിക്കുന്നു. രോഗികൾ ഏറിയതോടെ ജില്ലയിലെ സ്വകാര്യസർക്കാർ ആശുപത്രികൾ നിറഞ്ഞ സ്ഥിതിയിലാണ്. ഇതിന് പുറമേ ആരോഗ്യ പ്രവർത്തകർക്കിടയിൽ കോവിഡ് വ്യാപിക്കുന്നത് സ്ഥിതി ഗുരുതരമാക്കിയിരിക്കുകയാണ്. നാല് ദിവസത്തിനിടെ 150ൽ ഏറെ ആരോഗ്യപ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

മെഡിക്കൽ കോളജിലും ജില്ലാ ആശുപത്രിയിലും ഇനി രോഗികളെ പ്രവേശിപ്പിക്കാൻ കഴിയാത്ത വിധം ആളുകൾ നിറഞ്ഞുവെന്നാണ് കണക്ക്. രോഗികളുടെ എണ്ണം കൂടിയിട്ടും പ്രാദേശിക തലത്തിൽ സിഎഫ്എൽടിസികൾ ഉൾപ്പടെയുള്ള സംവിധാനങ്ങൾ തുടങ്ങാൻ സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇതാണ് ആശുപത്രികളിലെ രോഗികൾ കൂടാൻ കാരണം.

മെഡിക്കൽ കോളജിലെ 18 ഐസിയു ബെഡുകളിൽ രണ്ടെണ്ണം മാത്രമാണ് ശേഷിക്കുന്നത്. കോവിഡ് രോഗികളുടെ എണ്ണം കൂടിയതും ആരോഗ്യപ്രവർത്തകർക്കിടയിൽ രോഗം പടർന്നതും മറ്റ് വിഭാഗങ്ങളിലെ ചികിത്സകളെയും ബാധിച്ചിട്ടുണ്ട്. ജില്ലയ്ക്ക് പുറത്തുനിന്നുള്ളവരും ആലപ്പുഴയിലേക്ക് ചികിത്സയ്ക്ക് എത്തുന്നതാണ് ആരോഗ്യവകുപ്പ് അധികൃതരെ കുഴയ്ക്കുന്നത്.

## വിദ്യാഭ്യാസ സ്ഥാപങ്ങളിൽ ഹാജർ നില 40 ശതമാനത്തിൽ കുറവെങ്കിൽ രണ്ടാഴ്ച അടച്ചിടും

സ്കൂളുകളിലും കോളേജുകളിലും തുടർച്ചയായി മൂന്ന് ദിവസത്തെ വിദ്യാർത്ഥികളുടെ ഹാജർ നില 40 ശതമാനത്തിൽ കുറവാണെങ്കിൽ സ്ഥാപനം ക്ലസ്റ്റർ ആയി കണക്കാക്കി രണ്ടാഴ്ച അടച്ചിടാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന കോവിഡ് അവലോകന യോഗം തീരുമാനിച്ചു. ജില്ലകളിലെ കോവിഡ് വ്യാപനം കണക്കാക്കുന്നതിന് സ്വീകരിച്ച എ.ബി.സി വർഗീകരണം നാളെ മുതൽ പ്രാബല്യത്തിൽ വരും.

സെറിബ്രൽ പാൾസി, ഓട്ടിസം രോഗങ്ങൾ ഉള്ള കുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾക്ക് വർക്ക് ഫ്രം ഹോം സംവിധാനത്തിലൂടെ ജോലി ചെയ്യാൻ അനുമതി നൽകും. സംസ്ഥാനത്ത് കോവിഡ് വ്യാപനവും ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നവരുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ല സി കാറ്റഗറിയിലായി. തിരുവനന്തപുരം ജില്ലയിൽ കൂടുതൽ ശ്രദ്ധ നൽകാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏകോപിപ്പിച്ചു നിയന്ത്രണം ശക്തമാക്കാനും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

സംസ്ഥാനത്ത് 83 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനേഷൻ നൽകി.



എന്നാൽ കാസർഗോഡ്, മലപ്പുറം, പാലക്കാട്, ഇടുക്കി ജില്ലകൾ സംസ്ഥാന ശരാശരിക്കും താഴെയാണ്. കുട്ടികളുടെ വാക്സിനേഷനിൽ സംസ്ഥാന ശരാശരി 66 ശതമാനമാണ്. എന്നാൽ എറണാകുളം, ഇടുക്കി, മലപ്പുറം, തിരുവനന്തപുരം ജില്ലകളുടെ വാക്സിനേഷൻ ശരാശരി സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്.

കുട്ടികളുടെ വാക്സിനേഷൻ, രണ്ടാം ഡോസ് വാക്സിനേഷൻ എന്നിവ സംസ്ഥാന ശരാശരിയേക്കാൾ കുറഞ്ഞ ജില്ലകൾ പ്രത്യേക വാക്സിനേഷൻ ഡ്രൈവ് നടത്തണം. ഡയാലിസിസ് ആവശ്യമുള്ള കോവിഡ് രോഗികൾക്ക് എല്ലാ ജില്ലകളിലും സൗകര്യങ്ങൾ ഒരുക്കാൻ മുഖ്യമന്ത്രി ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകി. ജില്ലകളിലെ ആവശ്യത്തിനനുസരിച്ച് ഡയാലിസിസ് സൗകര്യങ്ങൾ വർധിപ്പിക്കണം. സെക്രട്ടേറിയറ്റിൽ ജോലിക്ക് ഹാജരാകുന്ന ജീവനക്കാരുടെ എണ്ണം കുറയുന്നത് പരിശോധിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ഞഞഠ) പരിശീലന പരിപാടി ഓൺലൈൻ ആയി സംഘടിപ്പിച്ചിരുന്നു. ആർ. ആർ. ടി അംഗങ്ങളും പൊതുജനങ്ങളും ഉൾപ്പെടെ 60,000 പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. ഇ ജാഗ്രതാ പോർട്ടലിൽ വിവരങ്ങൾ സമയബന്ധിതമായി നൽകേണ്ടത് വളരെ പ്രധാനമാണ്. ഓക്സിജൻ വിവരങ്ങൾ, കിടക്കയുടെ ലഭ്യത എന്നിവ ആശുപത്രികൾ സമയബന്ധിതമായി നൽകണം.

കോവിഡ് വ്യാപന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് പ്രത്യേക ക്യാമ്പയിൻ നടപ്പിലാക്കും. ജനുവരി 26 ന് ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കും. വീടുകളിൽ ചികിത്സയിൽ കഴിയുന്നവർ, മുതിർന്ന പൗരർ, കുട്ടികൾ എന്നിവർക്കുള്ള നിർദ്ദേശങ്ങൾ, കോവിഡുമായി ബന്ധപ്പെട്ട മറ്റു പ്രധാന നിർദ്ദേശങ്ങൾ എന്നിവ നൽകുന്ന പരിപാടിയിൽ റെസിഡന്റ്സ് അസോസിയേഷനുകളോടും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളോടും പങ്കെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കൊവിഡ് രോഗികളെ പ്രവേശിപ്പിക്കാത്ത സ്വകാര്യ ആശുപത്രി അധികൃതരെ വിളിച്ച് സംസാരിക്കണം. ടെസ്റ്റുകൾ പരമാവധി ലാബുകളെ ആശ്രയിച്ച് ചെയ്യുന്നതാണ് നല്ലത്. പരിശീലനമില്ലാതെ വീടുകളിൽ സ്വയം നടത്തുന്ന ടെസ്റ്റ് പലപ്പോഴും തെറ്റായ ഫലത്തിലേക്ക് നയിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സെക്രട്ടറിയേറ്റിൽ ഇ ഓഫീസ് സംവിധാനം 25 മുതൽ 30 വരെ നവീകരിക്കുന്നതിനാൽ സമാന്തര സംവിധാനം ഏർപ്പെടുത്താൻ മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

## മാനനഷ്ടക്കേസിൽ ഉമ്മൻചാണ്ടിക്ക് ജയം; വിഎസ് പത്ത് ലക്ഷത്തി പതിനായിരം രൂപ നൽകണം



തിരുവനന്തപുരം: സിപിഎം നേതാവും മുൻ മുഖ്യമന്ത്രിയുമായ വി.എസ്. അച്യുതാനന്ദനെതിരെ നൽകിയ മാനനഷ്ടക്കേസിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് അനുകൂല വിധി. നഷ്ടപരിഹാരമായി പത്തുലക്ഷത്തി പതിനായിരം രൂപ നൽകാൻ തിരുവനന്തപുരം പ്രിൻസിപ്പൽ സബ്കോടതി ഉത്തരവിട്ടു.

2013 ജൂലൈയിൽ ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ വിഎസ്, ഉമ്മൻചാണ്ടിക്കെതിരെ വിവാദപരാമർശം നടത്തിയിരുന്നു. സോളാർ തട്ടിപ്പ് നടത്താൻ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ഒരു കമ്പനി രൂപീകരിച്ച് അതുവഴി സാമ്പത്തിക തട്ടിപ്പ് നടത്തി എന്നതായിരുന്നു വിഎസിൻറെ പ്രസ്താവന. ഇതിനെതിരെയാണ് ഉമ്മൻചാണ്ടി 2014ൽ ഹർജി നൽകിയത്. തന്നെ സമൂഹത്തിന് മുന്നിൽ അപകീർത്തിപ്പെടുത്താൻ ശ്രമിച്ചു എന്ന് ചൂണ്ടിക്കാട്ടിയാണ് ഉമ്മൻചാണ്ടി കോടതിയെ സമീപിച്ചത്.

കേസിൻറെ ഭാഗമായി ഉമ്മൻചാണ്ടി കോടതിയിൽ നേരിട്ടെത്തി മൊഴി നൽകി. വാദത്തിനിടെ വിഎസിൻറെ ആരോപണം തെളിയിക്കാൻ സാധിച്ചില്ലെന്ന് ഉമ്മൻചാണ്ടിയുടെ അഭിഭാഷകൻ കോടതിയെ ധരിപ്പിച്ചു. ഇത് അംഗീകരിച്ച് കൊണ്ടാണ് കോടതി വിധി.

ഒരു കോടി രൂപ നഷ്ടപരിഹാരമായി നൽകണമെന്ന് ആവശ്യപ്പെട്ടാണ് ഉമ്മൻചാണ്ടി കോടതിയിൽ ഹർജി നൽകിയത്. കോടതി ചെലവുകൾ കണക്കാക്കിയാണ് പത്തുലക്ഷത്തി പതിനായിരം രൂപ നഷ്ടപരിഹാരമായി നൽകാൻ ഉത്തരവിട്ടത്. വിധിക്കെതിരെ ജില്ലാ കോടതിയെ സമീപിക്കുമെന്ന് വിഎസിൻറെ അഭിഭാഷകൻ അറിയിച്ചു.

## മാർച്ച് എട്ടിനുള്ളിൽ സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ട ഫയലുകൾ തീർപ്പാക്കും

വനിത ശിശുവികസന വകുപ്പിലെ എല്ലാ ഫയലുകളും മാർച്ച് എട്ടിനുള്ളിൽ തീർപ്പാക്കുകയോ നടപടി സ്വീകരിച്ചുവെന്ന് ഉറപ്പാക്കുകയോ ചെയ്യണമെന്ന് ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്.

വനിതാശിശു വികസന വകുപ്പും അതിന് കീഴിൽ വരുന്ന അനുബന്ധ സ്ഥാപനങ്ങളും പ്രധാനമായും നിർവഹിക്കുന്ന ജോലിയും പദ്ധതി പ്രവർത്തനവുമെല്ലാം സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമവും സുരക്ഷയും ഉറപ്പാക്കുക എന്നതാണ്.

അതിനാൽ ഈ ഫയലുകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കണം.

വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിലും, ഡയറക്ടറേറ്റ്, സെക്രട്ടേറിയറ്റ്, കീഴ് കാര്യാലയങ്ങൾ എന്നിവടങ്ങളിൽ അന്തിമ തീരുമാനം എടുക്കാതെ ഇനിയും തീർപ്പാക്കാനായി ശേഷിക്കുന്ന ഇത്തരം മുഴുവൻ ഫയലുകളും ജനുവരിയിൽ തുടങ്ങി അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് എട്ടിന് മുമ്പ് പൂർത്തീകരിക്കത്തക്കവിധം സത്വര നടപടികൾ സ്വീകരിക്കണമെന്ന് മന്ത്രി വ്യക്തമാക്കി. ദേശീയ ബാലികാദിനം സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരികവും, മാനസികവുമായ ശാക്തീകരണം ലക്ഷ്യം വച്ചുള്ള സംസ്ഥാനത്തെ 33,115 അങ്കണവാടികളിലും കുമാരി ക്ലബുകൾ സജ്ജമാക്കും. നിലവിലെ കുമാരി ക്ലബുകളെ വർണ്ണക്കൂട്ട് എന്ന പേരിൽ പുനർനാമകരണം ചെയ്ത് പുനരുജ്ജീവിപ്പിക്കും. കൗമാര പ്രായക്കാർക്ക് ന്യൂട്രീഷൻ ചെക്കപ്പ്, സെൽഫ് ഡിഫൻസ്, ലൈഫ് സ്കിൽ പരിശീലനം എന്നിവ ഘട്ടം ഘട്ടമായി നൽകും.

വിവിധതരം അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗ്, വൈദ്യ സഹായം, സൗജന്യ നിയമ സഹായം, താല്ക്കാലിക അഭയം, പുനരധിവാസം എന്നിവ ലഭ്യമാക്കി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കും.

ഇതിനായി എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഐസിഡിഎസ് സൂപ്പർവൈസർമാർ, പഞ്ചായത്ത്/ സെക്ടർ തലത്തിൽ നടത്തുന്ന ഹിയറിങ് (വനിത സഹായ കേന്ദ്രം) സംവിധാനം ജനപങ്കാളിത്തത്തോടെ കൂടുതൽ കാര്യക്ഷമമാക്കുമെന്നും മന്ത്രി പറഞ്ഞു.

വനിത ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ടി.വി. അനുപമ, മുൻ ജെൻഡർ അഡൈ്വസർ ഡോ. ടി.കെ. ആനന്ദി, ഡോ. കൗശിക് ഗാംഗുലി, യൂണിസെഫ് ചൈൽഡ് & ഹെൽത്ത് സ്പെഷ്യലിസ്റ്റ് കേരള, തമിഴ്നാട് റീജിയൻ എന്നിവർ പങ്കെടുത്തു. കൗമാരക്കാരും കോവിഡ് വാക്സിനും എന്ന വിഷയത്തിൽ ഡോ. എലിസബത്ത് വിഷയാവതരണം നടത്തി.

ബാലനിധിയുടെ പ്രൊമോഷൻ സോഷ്യൽ മീഡിയ വഴി ശക്തമാക്കുന്നതിന് കെ.എസ്. ചിത്ര അഭിനയിച്ച ലഘു ചിത്രം മന്ത്രി പ്രകാശനം ചെയ്തു.

## കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തി മുങ്ങിയ പാലാ സ്വദേശി പിടിയിൽ



കോട്ടയം: വർഷങ്ങൾക്ക് മുൻപ് കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തി നാടുവിട്ടയാളെ പിടികൂടി. 14 വർഷങ്ങൾക്ക് മുൻപ് അഞ്ച് കോടിയോളം രൂപയുടെ തട്ടിപ്പ് നടത്തി മുങ്ങിയ എൽഐസി ഏജന്റ് ആയിരുന്ന കോട്ടയം പാലാ സ്വദേശി പി.കെ. മോഹൻദാസിനെയാണ് ഡൽഹിയിൽ നിന്നും പാലാ പോലീസ് പിടികൂടിയത്.

പലരിൽ നിന്നായി പിരിച്ച പോളിസി തുക കൃത്യമായി അടയ്ക്കാതെ സ്വന്തം പേരിൽ ചിട്ടി കമ്പനിയിൽ നിക്ഷേപിച്ചാണ് മോഹൻദാസ് തട്ടിപ്പ് നടത്തിയത്. വീടും സ്ഥലവും വിൽപ്പനയ്ക്ക് വച്ചും ഇയാൾ നിരവധി പേരിൽ നിന്നും പണം തട്ടി.

പോലീസ് ഇയാളെ പിടികൂടിയെങ്കിലും 2008ൽ ജാമ്യത്തിൽ പുറത്തിറങ്ങി കുടുംബത്തോടൊപ്പം മുങ്ങുകയായിരുന്നു. പഞ്ചാബ്, ഡൽഹി തുടങ്ങിയ സ്ഥലങ്ങളിലാണ് ഇയാൾ കഴിഞ്ഞ 14 വർഷത്തോളം ഒളിവിൽ കഴിഞ്ഞത്.

കേരളത്തിൽ നിന്നു ഇയാൾ പഞ്ചാബിലേക്കാണ് രക്ഷപ്പെട്ടത്. അവിടെ അധ്യാപകനായും ക്ഷേത്രത്തിൽ കഴകക്കാരനായും ജോലി ചെയ്തു. പഞ്ചാബിലെ വിലാസത്തിൽ ആധാർ കാർഡും സ്വന്തമാക്കി.

2013ൽ പോലീസ് പഞ്ചാബിൽ അന്വേഷിച്ചെത്തിയതോടെ അവിടെ നിന്ന് മുങ്ങി. പിന്നീട് ഡൽഹിയിലെ രോഹിണിയിൽ ഒരു ക്ഷേത്രത്തിൽ അക്കൗണ്ടൻറായി ജോലി ചെയ്തു വരികയായിരുന്നു.

എന്നാൽ ഇയാളുടെ ഭാര്യയും മക്കളും പൊള്ളാച്ചിയിലുണ്ടെന്ന് പോലീസ് മനസിലാക്കി. ഇതിൻറെ അടിസ്ഥാനത്തിൽ പോലീസ് ഫോൺ കോളുകൾ പരിശോധിച്ച് നടത്തിയ അന്വേഷണത്തിന് ഒടുവിലാണ് പ്രതി പിടിയിലായത്.

# മൂന്നാം തരംഗത്തെ ഒന്നിച്ചു നിന്ന് മറികടക്കാം: മുഖ്യമന്ത്രി പിണറായി വിജയൻ



രാജ്യത്ത് ആദ്യത്തെ കോവിഡ് ബാധ സ്ഥിരീകരിച്ചപ്പോൾ തന്നെ പ്രതിസന്ധി അതിജീവിക്കുന്നതിന് ഉണർന്നു പ്രവർത്തിച്ച സംസ്ഥാനമാണ് കേരളം. ഏറ്റവും തുടക്കത്തിൽ ശാസ്ത്രീയമായ കോവിഡ് പ്രതിരോധ നടപടികൾ കൊണ്ടുവരാനും സുസജ്ജമായ ആരോഗ്യ സംവിധാനങ്ങളും മറ്റു ക്രമീകരണങ്ങളും ഏർപ്പെടുത്താനും നമുക്ക് സാധിച്ചു. ലോകത്ത് വിവിധയിടങ്ങളിൽ കോവിഡ് രോഗം വ്യാപകമായി ജീവനെടുക്കുന്ന ഘട്ടത്തിലും ഇവിടെ മരണനിരക്ക് കുറച്ചു നിർത്താനായത് ക്രിയാത്മകമായ ഈ ഇടപെടൽ മൂലമാണ്. കേരളത്തിന്റെ കോവിഡ് പ്രതിരോധത്തിന്റെ മികവ് ദേശീയ അന്തർദേശീയ തലങ്ങളിൽ പ്രകീർത്തിക്കപ്പെട്ടു. ഈ നേട്ടം നമ്മുടെ കൂട്ടായ പ്രവർത്തനത്തിന്റെ കൂടി ഫലമായാണ്.

ഒമിക്രോൺ വകഭേദത്തിന്റെ വ്യാപനത്തോടെ ഇന്ന് നാം കോവിഡിന്റെ മൂന്നാം തരംഗത്തെ നേരിടുകയാണ്. ആദ്യ രണ്ടു ഘട്ടങ്ങളിലും സമ്പൂർണ ലോക്ക്ഡൗണിലേക്ക് സംസ്ഥാനത്തിന് പോകേണ്ടി വന്നു. അന്ന്, പൂർണമായ അടച്ചുപൂട്ടൽ ജനജീവിതത്തെ സാരമായി ബാധിച്ചുവെന്ന് നമുക്കറിയാം. അത്തരമൊരു നടപടിയിലേയ്ക്ക് കടക്കേണ്ട സാഹചര്യം ഈ ഘട്ടത്തിൽ ഇവിടെ ഇതുവരെ സംജാതമായിട്ടില്ല എന്നത് ആശ്വാസകരമാണ്.

സംസ്ഥാനത്ത് 18 വയസിന് മുകളിൽ ലക്ഷ്യം വച്ച ജനസംഖ്യയുടെ 100 ശതമാനം പേർക്ക് ആദ്യ ഡോസ് വാക്സിനും 83 ശതമാനം പേർക്ക് രണ്ടാം ഡോസും വാക്സിനും നൽകിക്കഴിഞ്ഞു എന്നത് മൂന്നാം തരംഗത്തെ കൂടുതൽ ആത്മവിശ്വാസത്തോടെ നേരിടാൻ നമ്മെ പ്രാപ്തരാക്കുന്നു. ഇതിനു പുറമേ, കരുതൽ ഡോസിന് അർഹതയുള്ളവരിൽ 33 ശതമാനം (2,91,271) പേർക്കും വാക്സിൻ നൽകാൻ സാധിച്ചു. 15നും 17നും ഇടയ്ക്ക് പ്രായമുള്ള 66 ശതമാനം പേർക്ക് (10, 07,879) വാക്സിൻ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വിഭാഗങ്ങളിലുമായി അഞ്ച് കോടിയിലധികം ഡോസ് വാക്സിനാണ് സംസ്ഥാനത്ത് വിതരണം ചെയ്തത്. വളരെയധികം പേർക്ക് കോവിഡ് വന്ന് പോയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ഭൂരിപക്ഷം പേരും സമ്മിശ്ര (ഹൈബ്രിഡ്) പ്രതിരോധശേഷി നേടിയിട്ടുണ്ട് എന്നുള്ളത് തീവ്രരോഗബാധയും മരണങ്ങളും കുറയ്ക്കാൻ സഹായകമാകും. അതുകൊണ്ടുതന്നെ കോവിഡ് മൂലം ആശുപത്രികളിൽ പ്രവേശിപ്പിക്കേണ്ടി വരുന്നവരുടെ എണ്ണം ഇത്തവണ വളരെ കുറവാണ്. ഇനിയും വാക്സിൻ സ്വീകരിക്കാത്ത ആരെങ്കിലുമുണ്ടെങ്കിൽ ഉടൻ തന്നെ വാക്സിൻ എടുക്കേണ്ടതാണ്. വാക്സിൻ എടുക്കാത്തവരിലാണ് മരണസംഖ്യ ഉയർന്ന് നിൽക്കുന്നതെന്ന് മരണമടയുന്നവരുടെ പഠനത്തിൽ (ഡെത്ത് ഓഡിറ്റിങ്) വ്യക്തമായിട്ടുണ്ട്. പുതിയ ജനിതകഭേദമായ ഒമിക്രോൺ രോഗ തീവ്രതയുണ്ടാക്കാത്തത് വാക്സിനെടുത്തവരിലാണെന്നത് പ്രത്യേകം മനസിലായിരിക്കേണ്ടതാണ്.

ജനുവരി 20 ലെ കണക്ക് അനുസരിച്ച് 1,99,000 ആക്ടീവ് കേസുകളിൽ 96.9 ശതമാനവും വീട്ടിൽ തന്നെ കഴിയുകയാണ്. ലക്ഷണങ്ങളില്ലാത്തതോ ചെറിയ രോഗലക്ഷണങ്ങളോടു കൂടിയതോ ആയ കേസുകളാണിത്. ആശുപത്രികളിലെത്തുന്നത് 2.7 ശതമാനമാണ്. ഇതിൽ 1.6 ശതമാനം സാധാരണ കിടക്കകളും 0.6 ശതമാനം മാത്രം ഓക്സിജൻ കിടക്കകളും ഉപയോഗിക്കുന്നു. 0.4 ശതമാനം പേർ മാത്രമാണ് കോവിഡ് ബാധിച്ച് ഐസിയുവിലുള്ളത്. 0.1 ശതമാനം മാത്രമാണ് വെന്റിലേറ്ററിന്റെ സേവനം വിനിയോഗിക്കുന്നത്. എന്നാൽ പുതിയ കേസുകളുടെ വളർച്ചാനിരക്കിൽ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ വലിയ വർധനവാണുള്ളത്.

കോവിഡ് രോഗബാധിതരുടെ ആരോഗ്യവും ജീവനും സംരക്ഷിക്കുക എന്നതാണ് ആദ്യഘട്ടം മുതൽ തന്നെ കേരളം സ്വീകരിച്ചു വരുന്ന നയം. നിലവിൽ പൂർണമായ അടച്ചുപൂട്ടലിലേക്ക് പോകുന്നതിനു പകരം മേഖലാടിസ്ഥാനത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്. കാറ്റഗറി ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ തിരിച്ചാണ് നിയന്ത്രണങ്ങൾ.

രോഗവർധന നിശ്ചയിക്കുന്നതിനും മാനദണ്ഡങ്ങളുണ്ട്. ഒരു ജില്ലയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നവരുടെ എണ്ണം ആദ്യ തീയതിയിൽ നിന്ന് ഇരട്ടിയാവുകയോ ഐസിയുവിൽ പ്രവേശിപ്പിച്ച രോഗികളുടെ എണ്ണം 50 ശതമാനത്തിൽ കൂടുകയോ ചെയ്താൽ കാറ്റഗറി ഒന്നിൽ കടന്നതായി കണക്കാക്കും. ഐസിയുവിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ എണ്ണം ഒറ്റയടിക്ക് ഇരട്ടിയാവുകയോ ആശുപത്രിയിൽ ചികിത്സയിലുള്ള രോഗികളുടെ 10 ശതമാനം കോവിഡ് രോഗികളായിരിക്കുകയോ ചെയ്യുമ്പോൾ ആ ജില്ല കാറ്റഗറി രണ്ടിൽ പെടും. ആശുപതിയിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ള രോഗികളിൽ 25 ശതമാനത്തിൽ കൂടുതൽ കോവിഡ് രോഗികൾ ആയാൽ കാറ്റഗറി മൂന്നിൽ ഉൾപ്പെടും.

കാറ്റഗറി ഒന്നിൽ സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ, മത, സാമുദായിക, പൊതുപരിപാടികൾക്കും വിവാഹം, മരണാനന്തര ചടങ്ങുകൾക്കും പരമാവധി 50 പേർക്ക് പങ്കെടുക്കാം. കാറ്റഗറി രണ്ടിൽ യാതൊരുവിധ പൊതുപരിപാടിയും അനുവദിക്കില്ല. മതപരമായ ആരാധനകളും ഓൺലൈനായി മാത്രം നടത്തണം. വിവാഹം, മരണാനന്തര ചടങ്ങുകൾക്ക് പരമാവധി 20 ആളുകളെ മാത്രമേ അനുവദിക്കൂ. ഏതെങ്കിലും ജില്ല കാറ്റഗറി മൂന്നിലേക്ക് വന്നാൽ അവിടെ കർശന നിയന്ത്രണങ്ങളുണ്ടാവും. പൊതുപരിപാടികൾ ഒന്നും അവിടെ അനുവദിക്കില്ല. വിവാഹം, മരണാനന്തരചടങ്ങുകൾക്ക് കാറ്റഗറി രണ്ടിലേതു പോലെ പരമാവധി 20 പേർക്കായിരിക്കും അനുമതി. സിനിമ തിയേറ്ററുകൾ, നീന്തൽകുളങ്ങൾ, ജിമ്മുകൾ എന്നിവയുടെ പ്രവർത്തനവും അനുവദിക്കില്ല.

സമ്പൂർണ്ണ അടച്ചിടൽ ജനങ്ങളുടെ ജീവിതത്തേയും ജീവിതോപാധിയേയും സാരമായി ബാധിക്കും. സംസ്ഥാനമാകെ അടച്ച് പൂട്ടിയാൽ ജനങ്ങളെല്ലാം സാമ്പത്തിക പ്രതിസന്ധിയിലേക്ക് പോകും. കടകൾ അടച്ചിട്ടാൽ വ്യാപാരികളെ ബാധിക്കും. വാഹനങ്ങൾ നിരത്തിലിറങ്ങാതെയിരുന്നാൽ അത് എല്ലാവരേയും ബാധിക്കും. അതിനാൽ തന്നെ ജനങ്ങളെ ബുദ്ധിമുട്ടിക്കാത്ത ശാസ്ത്രീയമായ തന്ത്രമാണ് കേരളം ആവിഷ്കരിച്ചിരിക്കുന്നത്. സാമൂഹികമായി ആർജ്ജിച്ച രോഗപ്രതിരോധശേഷിയും വാക്സിനേഷന്റെ തോതും ആരോഗ്യസംവിധാനങ്ങളുടെ ലഭ്യതയും ഒക്കെ കണക്കിലെടുത്ത് വ്യത്യസ്തമായ സാമൂഹ്യ നിയന്ത്രണ രീതികൾ ആണ് ഓരോ പ്രദേശങ്ങളും നടപ്പാക്കുന്നത്. പലയിടത്തും സാമൂഹിക ജീവിതം പൂർണമായും സ്വതന്ത്രമാക്കുന്നത് വരെ കാണാൻ സാധിച്ചിട്ടുണ്ട്. ഇവയെല്ലാം വിശദമായി പരിശോധിച്ചാണ് കേരളം ഇപ്പോഴത്തെ പ്രതിരോധമാർഗം സ്വീകരിച്ചിരിക്കുന്നത്. സമാനമായ രീതി തന്നെയാണ് ഇക്കാര്യത്തിൽ സാഹചര്യങ്ങൾക്കനുസൃതമായി ഭാവിയിലും പിന്തുടരുക. അതു വിജയിക്കണമെങ്കിൽ ജനങ്ങളുടെ പൂർണ പിന്തുണ അനിവാര്യമാണ്. കോവിഡിനെ പ്രതിരോധിക്കുന്നതിൽ ഏറ്റവും പ്രധാനമായ മാസ്കും സാനിറ്റൈസറും ഉപയോഗിക്കുന്നതിൽ വീഴ്ച വരുത്തരുത്. സാമൂഹ്യ അകലം പാലിക്കാനും ശ്രദ്ധിക്കണം. മുറികളിൽ വായുസഞ്ചാരം ഉറപ്പുവരുത്തണം. കഴിവതും അടഞ്ഞ എസി മുറികൾ ഒഴിവാക്കണം.

കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കഴിഞ്ഞ ദിവസം 40 കടന്നിരിക്കുകയാണ്. എന്നാൽ അതിൽ ഭയപ്പെടേണ്ട കാര്യമില്ല. ആദ്യ രണ്ടു ഘട്ടങ്ങളിലും പരമാവധി ആളുകളെ പരിശോധിക്കാനാണ് ശ്രമിച്ചത്. അതിൽ രോഗലക്ഷണമില്ലാത്തവരും പെടും. അപ്പോൾ ടിപിആറിലെ വർധനവ് ആശങ്ക സൃഷ്ടിച്ചിരുന്നു. ഇപ്പോൾ പരിശോധനാ രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. കോവിഡ് രോഗ ലക്ഷണമുള്ളവരെ മാത്രമാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത്. അത് കൊണ്ട് ടിപിആറിന് പഴയ പ്രസക്തി ഇപ്പോഴില്ല.

മൂന്നാം തരംഗം നേരിടുന്നതിനായി ഐസിയു, വെന്റിലേറ്റർ, ഓക്സിജൻ, പീഡിയാട്രിക് സൗകര്യങ്ങൾ എന്നിവ വലിയ തോതിൽ വർധിപ്പിച്ചു. 25 ആശുപത്രികളിൽ 194 പുതിയ ഐസിയു യൂണിറ്റുകൾ, 19 ആശുപത്രികളിലായി 146 എച്ച്ഡിയു യൂണിറ്റുകൾ, 10 ആശുപത്രികളിലായി 36 പീഡിയാട്രിക് ഐസിയു യൂണിറ്റുകൾ എന്നിവ സജ്ജമാക്കി. ചെറിയ കുഞ്ഞുങ്ങൾ മുതലുള്ള കുട്ടികൾക്കുള്ള 99 വെന്റിലേറ്ററുകൾ, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള 66 വെന്റിലേറ്ററുകൾ, 100 പീഡിയാട്രിക് അഡൾട്ട് വെന്റിലേറ്ററുകൾ, 116 നോൺ ഇൻവേസീവ് വെന്റിലേറ്ററുകൾ ഉൾപ്പെടെ ആകെ 381 പുതിയ വെന്റിലേറ്ററുകൾ സജ്ജമാക്കി. ഇതുകൂടാതെ 147 ഹൈ ഫ്ലോ വെന്റിലേറ്ററുകളുടെ വിതരണം പുരോഗമിക്കുന്നു.

മെഡിക്കൽ കോളേജുകളിൽ 239 ഐസിയു, ഹൈ കെയർ കിടക്കകൾ, 222 വെന്റിലേറ്റർ, 85 പീഡിയാട്രിക് ഐസിയു കിടക്കകൾ, 51 പീഡിയാട്രിക് വെന്റിലേറ്ററുകൾ, 878 ഓക്സിജൻ കിടക്കൾ, 113 സാധാരണ കിടക്കകൾ എന്നിവ ഉൾപ്പെടെ 1588 കിടക്കൾ പുതുതായി സജ്ജമാക്കിയിട്ടുണ്ട്.

ലിക്വിഡ് ഓക്സിജന്റെ സംഭരണ ശേഷിയും വർധിപ്പിച്ചിട്ടുണ്ട്. സർക്കാർ സ്വകാര്യ മേഖലകളിലായി നിലവിൽ 1817.54 മെട്രിക് ടൺ ലിക്വിഡ് ഓക്സിജൻ സംഭരണ ശേഷിയുണ്ട്. 159.6 മെട്രിക് ടൺ അധിക സംഭരണശേഷി സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

കോവിഡ് രോഗപ്രതിരോധം എല്ലാവരും കൈകോർത്ത് നടത്തേണ്ട ഒന്നാണ്. ആരോഗ്യപ്രവർത്തകരും പോലീസടക്കമുള്ള സേനകളും സന്നദ്ധപ്രവർത്തകരും അവിശ്രമം പ്രവർത്തിച്ച് കൊണ്ടിരിക്കയാണ്. ജനങ്ങളുടെ സാധാരണജീവിതത്തിനും നാടിന്റെ പുരോഗതിയ്ക്കും പരിക്കേൽക്കാതിരിക്കാനുള്ള ജാഗ്രതയാണ് ഈ കൂട്ടായ്മക്ക് അടിസ്ഥാനം.

നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം മുടങ്ങാതെ തുടരേണ്ടതുണ്ട്. വീടുകളിൽ അടുപ്പ് പുകയേണ്ടതുണ്ട്. പുതിയ കാലത്ത് ഏറ്റെടുക്കാനുള്ള വെല്ലുവിളി പുതിയ തരത്തിലുള്ളതാണെന്നു തിരിച്ചറിഞ്ഞു എല്ലാവരും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ അണിചേരുകയും സ്വയം കരുതലുകൾ സ്വീകരിക്കുകയും ചെയ്യണമേന്ന് അഭ്യർത്ഥിക്കുന്നു.

# നമ്മുടെ നാടിനെക്കുറിച്ച് നമുക്ക് ഒരുമിച്ചു പറയാം

**പി എ മുഹമ്മദ് റിയാസ്**

(പൊതുമരാമത്ത്, വിനോദ സഞ്ചാര വകുപ്പ് മന്ത്രി)

'യാത്രകൾ ആദ്യം നിങ്ങളിൽ മൗനം നിറയ്ക്കും, പക്ഷെ പിന്നീട് അത് നിങ്ങളെ കഥകൾകൊണ്ട് മൂടും' എന്ന് പറഞ്ഞത് ലോക സഞ്ചാരിയായ ഇബ്ൻ ബതൂതത്തയാണ്. മനുഷ്യന്റെ എല്ലാ ചോദനകളെയും സജീവമായി നിലനിർത്തുന്നതിൽ യാത്രകൾക്ക് വലിയ പങ്കുണ്ട് എന്നാണ് ബത്തൂത്തയുടെ ഈ വരികളിൽനിന്നു മനസിലാക്കേണ്ടത്. നമ്മുടെ ഉള്ളിൽ ഉറങ്ങുന്ന വാക്കുകളെ, ചിത്രങ്ങളെ, ഊർജത്തെ യാത്രകൾ ഉണർത്തും. നമ്മുടെ സ്വന്തം നാടിനും നഗരത്തിനും അപ്പുറത്തേക്ക് നിരന്തരം യാത്രകൾ ചെയ്യുമ്പോഴാണ് നാം കാണാത്ത ആളുകളെ കാണുന്നത്, കാണാത്ത സ്ഥലങ്ങൾ കാണുന്നത്, കഴിക്കാത്ത ഭക്ഷണങ്ങളുടെ രുചി അറിയുന്നത്, അറിയാത്ത ജീവിതങ്ങൾ തൊട്ടറിയുന്നത്. എല്ലാത്തിനുമപ്പുറം നമ്മൾ അതുവരെ കഴിഞ്ഞ ലോകം എത്ര ചെറുതായിരുന്നു എന്ന് തിരിച്ചറിയുന്നത്. ഈ തിരിച്ചറിവിൽ നിന്നാവണം മനുഷ്യൻ നൂറ്റാണ്ടുകൾക്കുമുൻപേ മറുനാടുകൾ അന്വേഷിച്ചു യാത്ര തുടങ്ങിയത്.

ഇന്ന് ദേശീയ വിനോദ സഞ്ചാര ദിനമാണല്ലോ. ഇപ്പോൾ നമ്മൾ സഞ്ചരിക്കുന്നത് വിനോദത്തിനു വേണ്ടി മാത്രമായല്ല. ചെല്ലുന്ന നാടിന്റെ ചരിത്രവും സംസ്കാരവും ഭക്ഷണ വൈവിധ്യം അറിയലും എല്ലാം ഉൾപ്പെടുന്നതാണ് അത്, സ്വന്തം രാജ്യത്തായാലും വിദേശത്തായാലും. നമ്മുടെ നാട് കാണാൻ വരുന്ന വിദേശ, ആഭ്യന്തര സഞ്ചാരികൾക്ക് പുതിയ അനുഭവങ്ങൾ സമ്മാനിക്കുകയും അതെ സമയം അവിസ്മരണീയമായ ആതിഥ്യം അരുളുകയും ആണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നത്. മാത്രമല്ല, വിനോദ സഞ്ചാരവും അതിന്റെ സാധ്യതകളും വളരുമ്പോൾ നമ്മുടെ നാടിനും നാട്ടുകാർക്കും പ്രത്യക്ഷമായും പരോക്ഷമായും അതിന്റെ ഗുണ ഫലങ്ങൾ ലഭിക്കണമെന്നും സർക്കാരിന് നിർബന്ധമുണ്ട്. ആ ലക്ഷ്യത്തിൽ ഊന്നിയുള്ള പദ്ധതികൾ എൽഡിഎഫ് സർക്കാർ നടപ്പിലാക്കുന്നതും ആക്കാൻ ഇരിക്കുന്നതും. മഹാമാരിയുടെ മൂന്നാം വരവ് സൃഷ്ടിച്ച അനിവാര്യമായ നിയന്ത്രണങ്ങൾക്ക് നടുവിലാണ് നാം ഇതെല്ലം പറയുന്നത്. പക്ഷെ ഏത് തരംഗത്തെയും നേരിടാനുള്ള സജ്ജീകരണങ്ങൾ എല്ലാ മേഖലയിലും സർക്കാർ ഒരുക്കിയിട്ടുണ്ട്. വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം സർക്കാർ നേരത്തെതന്നെ യാഥാർഥ്യമാക്കിയിരുന്നു. ആദ്യ ഘട്ടത്തിൽത്തന്നെ സുരക്ഷിത കേരളം, സുരക്ഷിത ടൂറിസം എന്ന ആശയം മുന്നോട്ടു വെച്ചു. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ടൂറിസം കേന്ദ്രങ്ങൾ നൂറു ശതമാനം വാക്സിനേറ്റഡ് ആക്കാൻ മുൻകൈ എടുത്തു. വയനാട്ടിലെ വൈത്തിരിയിലാണ് ഇത് തുടങ്ങിയത്. വയനാട് ജില്ലതന്നെ നൂറു ശതമാനം ആദ്യ ഡോസ് വാക്സിനെടുത്ത ജില്ലയാവുകയും അത് ദേശീയ തലത്തിൽ ശ്രദ്ധ നേടുകയും ചെയ്തു. ബയോ ബബിൾ സംവിധാനത്തിലൂടെ ടൂറിസം മേഖല സുരക്ഷിതമാണെന്ന സന്ദേശം നൽകാൻ കഴിഞ്ഞു. കാരവൻ ടൂറിസം, ബയോ ഡൈവേഴ്സിറ്റി സർക്യൂട്, മലബാർ ലിറ്ററി സർക്യൂട്, അഗ്രി ടൂറിസം നെറ്റ്വർക്ക് ഇൻ കാർ ഡൈനിങ് തുടങ്ങിയവ വിനോദ സഞ്ചാര മേഖലയിൽ ഈ സർക്കാർ അഭിമാനത്തോടെ അവതരിപ്പിച്ച നൂതന പദ്ധതികൾ ആണ്.

വിനോദ സഞ്ചാരം എന്നത് ജനങ്ങളുടെ ജീവതവുമായി ബന്ധപ്പെട്ടതാണ്. പൂർണ്ണ അർത്ഥത്തിൽ ജനങ്ങൾ ടൂറിസവുമായി ബന്ധപ്പെടണം. ജനങ്ങൾക്ക് ടൂറിസത്തോടും ടൂറിസത്തിന് ജനങ്ങളോടും ഉത്തരവാദിത്തം ഉണ്ട്. പരസ്പര പൂരകമായ ആ പ്രക്രിയയിലേക്ക് കേരള ടൂറിസത്തെ എത്തിക്കുക എന്നതാണ് സർക്കാരിന്റെ കടമ. പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ടൂറിസം വകുപ്പ് അക്കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധ ചെലുത്തുകയും ചെയ്യുന്നു,

ഹൗസ് ബോട്ടിനു ശേഷം കേരള ടൂറിസം പുറത്തിറക്കിയ പുതിയ ഉൽപ്പന്നമായ കാരവാൻ ടൂറിസത്തിൽ അത് പ്രതിഫലിക്കുന്നുണ്ട്. അൺ എക്സ്പ്ലോഡഡ് ഡെസ്റ്റിനേഷനുകളിലേക്കുള്ള യാത്ര സാധ്യമാക്കുന്ന കാരവാനുകൾ പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ തുറന്നിടുകയാണ് ചെയ്യുന്നത്. പ്രാദേശിക തൊഴിൽ സാധ്യത ഇത് വർധിപ്പിക്കും. സഞ്ചാരികൾക്ക് പ്രാദേശികമായി ഭക്ഷണം നൽകാനുള്ള സംവിധാനം ഒരുക്കാം. പ്രാദേശിക കലാരൂപങ്ങളെ പരിചയപ്പെടുത്താം, സുരക്ഷ ഒരുക്കാൻ പ്രത്യേക പരിശീലനം നൽകി യുവജനങ്ങളെ സജ്ജമാക്കാം, അങ്ങനെ ഒരു പ്രദേശത്തെ ജനങ്ങളുടെ ആഗ്രഹമായി ടൂറിസം വളരും. തിരിച്ചും. ആഭ്യന്തര വിനോദ സഞ്ചാരം ശക്തിപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഓരോ പ്രദേശത്തും ഒന്നിൽ കുറയാത്ത വിനോദ സഞ്ചാര കേന്ദ്രം വികസിപ്പിക്കുക എന്നത് പ്രധാന ഉദ്ദേശമാണ്. ഈ കാഴ്ചപ്പാട് യാഥാർഥ്യമാക്കുന്ന നടപടികൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് 2022 ൽ തുടക്കം കുറിക്കും.

കാർഷിക സംസ്കൃതിയെ അനുഭവിച്ചറിയാൻ വിനോദ സഞ്ചാരവുമായി ബന്ധിപ്പിക്കുന്ന അഗ്രിടൂറിസം ശൃംഖലയും അത്തരമൊരു ഇടപെടലാണ്. ഫാം ടൂറിസം, വീട്ടുവളപ്പിലെ കൃഷികൾ, മാതൃകാ കർഷകരുടെ കൃഷിയിടങ്ങൾ എന്നിവയെല്ലാം അതിന്റെ ഭാഗമാകുകയാണ്. ഇവിടെ കർഷകരുടെ വിപണിയിലേക്കുള്ള വഴിയായി കൂടി ടൂറിസം മാറും. പഴയ കാല കൃഷി രീതികൾ മുതൽ ആധുനിക സമ്പ്രദായങ്ങൾ വരെ അനുഭവിച്ചറിയാൻ പുതുതലമുറക്ക് അവസരമുണ്ടാകുന്നതാകും ഇത്തരം സംരംഭങ്ങൾ

സഞ്ചാരികളുടെ അഭിരുചിക്കനുസരിച്ച് നീങ്ങുക മാത്രമല്ല ടൂറിസം. നമ്മുടെ സവിശേഷതകളിലേക്ക് സഞ്ചാരികളിലേക്ക് ആകർഷിക്കുക കൂടി ടൂറിസത്തിന്റെ ലക്ഷ്യമാണ്. നമ്മുടെ പ്രത്യേകതകൾ സഞ്ചാരികൾക്കു കൂടി അനുഭവവേദ്യമാക്കണം. അതിനുതകുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. അത്തരമൊരു ചുവടുവെപ്പാണ് സ്ട്രീറ്റ് പദ്ധതി. നമ്മുടെ ഭക്ഷണവും കലയും സംസ്കാരവും എല്ലാം സഞ്ചാരികളുടെ ഹൃദയം തൊടണം. അതിനുള്ള അവസരമൊരുക്കുകയാണ് ടൂറിസം വകുപ്പിന്റെ ലക്ഷ്യം.

കേരളത്തെ ആകെ ടൂറിസം ഡെസ്റ്റിനേഷനാക്കി ലോകടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്താനുള്ള ചുവടുവെപ്പാണ് നടത്തുന്നത്. എല്ലാ മേഖലയിലും വികസനം സാധ്യമാക്കാനാണ് ശ്രമം. ജനങ്ങളെ യോജിപ്പിച്ച് നല്ല ടൂറിസം സംസ്ക്കാരം വളർത്തിയെടുക്കാനാകും. ഇത്തരത്തിൽ സമൂഹത്തിന്റെ സർവതല സ്പർശിയായ, ഓരോ മനുഷ്യനെയും കണക്കിലെടുത്തുകൊണ്ടുള്ള, സഞ്ചാരികൾക്കും നാട്ടുകാർക്കും പരസ്പരം സഹായമാവുന്ന തലത്തിലുള്ള പദ്ധതികൾക്കാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്. നമുക്കൊരുമിച്ചു നമ്മുടെ നാടിനെക്കുറിച്ച ലോകത്തോട് അഭിമാനത്തോടെ പറയാൻ കഴിയണം.

# ശ്രീനാരായണ ദർശനവും സംഘപരിവാറും

**കോടിയേരി ബാലകൃഷ്ണൻ**

ആധുനിക കേരളത്തിന് അടിത്തറയിട്ട സാമൂഹ്യ മുന്നേറ്റത്തിൽ സുപ്രധാനമായ സ്ഥാനമാണ് നവോത്ഥാന പ്രസ്ഥാനങ്ങൾക്കുള്ളത്. അത്തരം നവോത്ഥാന മുന്നേറ്റങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിച്ചത് ശ്രീനാരായണ ഗുരുവാണെന്ന് നിസ്സംശയം പറയാം. കേരളീയ സമൂഹത്തിൽ രൂപപ്പെട്ടുവന്ന നവോത്ഥാന ചലനങ്ങൾ ഒരു മഹാപ്രവാഹമാക്കി വികസിപ്പിച്ചുവെന്നതുകൊണ്ടാണ് നവോത്ഥാനത്തിന്റെ പതാകവാഹകരായി ശ്രീനാരായണ ഗുരുവിനെ ലോകം വീക്ഷിക്കുന്നത്. അതുകൊണ്ട് തന്നെ കേരളീയ സമൂഹത്തിന്റെ വികാസത്തെ സംബന്ധിച്ച ചർച്ചകളിൽ എന്നും ശ്രീനാരായണ ഗുരുവിന് സുപ്രധാന സ്ഥാനവും ലഭിച്ചു.

വരുന്ന റിപ്പബ്ലിക്ക് ദിനത്തിൽ കേരള സംസ്ഥാനം അവതരിപ്പിക്കാൻ നിശ്ചയിച്ച നിശ്ചല ദൃശ്യത്തിൽ അതുകൊണ്ട് തന്നെ ശ്രീനാരായണ ഗുരുവിനെ കേന്ദ്ര സ്ഥാനത്ത് അവതരിപ്പിച്ചുകൊണ്ടുള്ള നിശ്ചലദൃശ്യമാണ് കേരളം മുന്നോട്ടുവച്ചത്. ഈ നിശ്ചലദൃശ്യം സ്ക്രീനിംഗ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. എന്നാൽ കേന്ദ്ര സർക്കാർ ഇടപെട്ട് ഈ നിശ്ചലദൃശ്യം അവതരിപ്പിക്കാനാവില്ലെന്ന നിലപാടാണ് സ്വീകരിച്ചത്.

എന്തുകൊണ്ടാണ് കേന്ദ്ര സർക്കാർ ഇത്തരമൊരു നിലപാട് സ്വീകരിച്ചതെന്ന് മനസ്സിലാവണമെങ്കിൽ സംഘപരിവാർ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയവും ശ്രീനാരായണ ദർശനവും തമ്മിലുള്ള വ്യത്യസ്തത മനസ്സിലാക്കാനാവണം. സംഘപരിവാറിന്റെ രാഷ്ട്രീയം എന്തെന്ന് അവരുടെ താത്വിക ഗ്രന്ഥമായ വിചാരധാരയിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യയിലെ ജാതി ചാതുർവർണ്ണ്യ സമ്പ്രദായത്തെ സംബന്ധിച്ച കാഴ്ചപ്പാടാണ് അവർ മുന്നോട്ടുവയ്ക്കുന്നത്. 'വിചാരധാര'യിൽ ഇങ്ങനെ രേഖപ്പെടുത്തുന്നുണ്ട്. "ബ്രാഹ്മണൻ തലയാണ്. രാജാവ് ബാഹുക്കളും. വൈശ്യൻ ഊരുക്കളും ശൂദ്രൻ പാദങ്ങളുമാണ്" (പേജ് 44).

അതായത് ഒരോ വർണ്ണവും രൂപപ്പെട്ടത് വ്യത്യസ്തമായ രീതിയിലാണെന്ന് വ്യക്തമാക്കുന്നതിലൂടെ ചാതുർവർണ്ണ്യ വ്യവസ്ഥയെ ന്യായീകരിക്കുകയും അതിൽ ഒരോ വിഭാഗവും ഏതൊക്കെ വിഭാഗങ്ങൾക്ക് അടിമപ്പെട്ട് ജീവിക്കണമെന്ന് പ്രഖ്യാപിക്കുകയാണ് ഇതിലൂടെ. അതോടൊപ്പം തന്നെ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളെ മനുഷ്യരായി പ്പോലും അംഗീകരിക്കുന്നതിന് തയ്യാറാവാത്ത കാഴ്ചപ്പാടുമാണ് ഗോൾവാൾക്കർ പിൻപറ്റുന്നത്.

ചാതുർവർണ്ണ്യത്തെ സംബന്ധിച്ച ഈ കാഴ്ചപ്പാടിനെ പിൻപറ്റി പിന്നീട് രൂപം കൊണ്ട ജാതി വ്യവസ്ഥയെയും ന്യായീകരിക്കുന്നതിന് 'വിചാരധാര' തയ്യാറാവുന്നുണ്ട്. അതിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു. 'നമ്മുടെ സമാജത്തിന്റെ മറ്റൊരു സവിശേഷമേന്മ വർണ്ണവ്യവസ്ഥയാണ്. എന്നാൽ, അതിനെ ജാതീയത എന്ന് മുദ്രകുത്തി പുച്ഛിച്ചുതള്ളുകയാണ്. വർണ്ണവ്യവസ്ഥ എന്ന് പരാമർശിക്കുന്നതു തന്നെ അപഹസിക്കേണ്ട ഒന്നാണെന്ന് നമ്മുടെ ആളുകൾക്ക് തോന്നിത്തുടങ്ങിയിട്ടുണ്ട്. അതിലടങ്ങിയിട്ടുള്ള സാമൂഹ്യവ്യവസ്ഥയെ സാമൂഹ്യ വിവേചനമായി അവർ പലപ്പോഴും തെറ്റിദ്ധരിക്കുന്നു" (പേജ് 127). ജാതീയമായ വിവേചനം സാമൂഹ്യമായ വിവേചനമാണെന്ന് അംഗീകരിക്കുന്നതിന് സംഘപരിവാർ തയ്യാറാവുന്നില്ല. മാത്രമല്ല, അത് ഇന്ത്യൻ സമൂഹത്തിന്റെ കരുത്തായിരുന്നുവെന്നും എടുത്തുപറയുന്നുണ്ട്. ഇത്തരമൊരു സമീപനം സ്വീകരിക്കുന്നവരെ സംബന്ധിച്ചിടത്തോളം സാമൂഹ്യനീതി എന്നത് സ്വാഭാവികമായും കടന്നുവരില്ല. ജാതീയമായ അടിച്ചമർത്തലിന്റെയും പട്ടികജാതി, പട്ടികവർഗക്കാർ നിരന്തരം ആക്രമിക്കപ്പെടുന്ന സംഘപരിവാറിന്റെ പ്രവർത്തനങ്ങൾക്ക് പിന്നിലുള്ളത് ഈ രാഷ്ട്രീയ നിലപാടുകളാണ്.

രാജ്യത്തിന്റെ 'ആഭ്യന്തര ഭീഷണികൾ' എന്ന വിഭാഗത്തിലാണ് 'വിചാരധാര'യിൽ മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, കമ്മ്യൂണിസ്റ്റുകാർ എന്നിവർ ഉൾപ്പെടുന്നത്. 'വിചാരധാര'യിൽ ഒരോ അധ്യായങ്ങൾ ഇതിനായി നീക്കിവെച്ചിട്ടുമുണ്ട്. മറ്റു മതവിശ്വാസങ്ങളെ ഉൾക്കൊള്ളാതെ ഹിന്ദുവിന്റെ ശത്രുക്കളായി പ്രഖ്യാപിച്ച് ആക്രമിക്കുന്നതിനുള്ള സൈദ്ധാന്തിക അടിത്തറയാണ് ഇതിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ഗാന്ധിജിയെ ഉൾപ്പെടെ തീവ്രമായ ഭാഷയിലാണ് ഇതിൽ വിമർശിച്ചിട്ടുള്ളത്. ജനാധിപത്യവാദികളോടും ഇതേ സമീപനമാണ് 'വിചാരധാര' പുലർത്തുന്നത്. ന്യൂനപക്ഷ പീഡനത്തിന്റെയും കമ്മ്യൂണിസ്റ്റുകാർക്കെതിരായ ആക്രമണത്തിന്റെയും ജനാധിപത്യവാദികളെ കൊന്നൊടുക്കുന്നതിന്റെയും പിന്നിലെ രാഷ്ട്രീയ അടിത്തറ ഇതാണ്. ഗാന്ധിജിയെ മാറ്റിനിർത്തി ഗോഡ്സയെ മുന്നോട്ടുകൊണ്ടുവരാനുള്ള പരിശ്രമങ്ങളുടെയും പിന്നിലുള്ളത് ഇത് തന്നെയാണ്.

ശ്രീനാരായണ ദർശനം സംഘപരിവാർ മുന്നോട്ടുവയ്ക്കുന്ന ഈ രാഷ്ട്രീയവുമായി ഒരു തരത്തിലും പൊരുത്തപ്പെടുന്നതല്ല. തികച്ചും വ്യത്യസ്തമായ സമീപനമാണ് അതിനുള്ളത്. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്', 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' തുടങ്ങിയ കാഴ്ചപ്പാടാണല്ലോ ശ്രീനാരായണ ദർശനത്തിന്റെ അടിസ്ഥാനം. ചാതുർവർണ്ണ്യ വ്യവസ്ഥയെയും ജാതീയതയെയും തന്റെ ജീവിതം കൊണ്ട് പ്രതിരോധിച്ച ശ്രീനാരായണ ഗുരുവിനെ അതിന്റെ വക്താക്കൾക്ക് അംഗീകരിക്കാനാവാത്തതിൽ അത്ഭുതപ്പെടേണ്ട യാതൊരു കാര്യവുമില്ല.

ജാതീയതയും അടിമത്തവുമാണ് ഇന്ത്യൻ സമൂഹത്തിന്റെ പ്രധാന ദൗർബല്യമെന്ന് 1857 ലെ ഇന്ത്യയിലെ ഒന്നാം സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ മാർക്സും നിരീക്ഷിക്കുന്നുണ്ട്. അത് ഇങ്ങനെയാണ്. 'ജാതി വ്യത്യാസങ്ങളും അടിമത്തവും കൊച്ചുകൊച്ച് സമുദായങ്ങളുടെ തീരാശാപമായിരുന്നുവെന്നും മനുഷ്യന് സാഹചര്യങ്ങളുടെ യജമാനനാക്കുന്നതിന് പകരം അവ അവനെ ബാഹ്യസാഹചര്യങ്ങളുടെ ദാസനാക്കുകയാണ് ചെയ്തതെന്നും സ്വയം വികസിതമായ ഒരു സാമൂഹ്യ അവസ്ഥയെ ഒരിക്കലും മാറ്റമില്ലാത്ത ഒരു സ്വഭാവിക തലയിലെഴുത്താക്കി മാറ്റി." എന്ന് എടുത്ത് പറയുന്നുണ്ട്. ഇന്ത്യൻ സമൂഹത്തിന്റെ ശാപമായി ജാതി വ്യവസ്ഥയെയും അടിമത്വത്തെയും കാണുന്ന സമീപനമാണ് മാർക്സ് സ്വീകരിച്ചത് എന്ന് കാണാം.

ശ്രീനാരായണ ദർശനം മതസൗഹാർദ്ദത്തിന്റെ അടിത്തറയിൽ രൂപപ്പെട്ടതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് 1924 ൽ ആലുവയിൽ ഒരു സർവ്വമത സമ്മേളനം ശ്രീനാരായണ ഗുരു വിളിച്ച് ചേർക്കുന്നത്. അതിൽ ശ്രീനാരായണ ഗുരു നൽകിയ ആഹ്വാനം ഇങ്ങനെയാണ്.

'സർവ്വമത സമ്മേളന സന്ദേശം, എല്ലാ മതങ്ങളുടെയും പരമോദ്ദേശ്യം ഒന്നാണെന്നും ഭിന്നമതാനുയായികൾ തമ്മിൽ കലഹിച്ചിട്ടാവശ്യമില്ലെന്നും ഈ മതമഹാ സമ്മേളനത്തിൽ നടന്ന പ്രസംഗത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ നാം ശിവഗിരിയിൽ സ്ഥാപിക്കൻ വിചാരിക്കുന്ന മഹാപാഠശാലയിൽ എല്ലാ മതങ്ങളും പഠിപ്പിക്കുന്നതിനു വേണ്ട എല്ലാ സൗകര്യങ്ങളോടുംകൂടി ഉണ്ടാകണമെന്നു വിചാരിക്കുന്നു."

എല്ലാ മതങ്ങളുടെയും സാരാംശങ്ങൾ ഉൾക്കൊള്ളണമെന്നുമുള്ള കാഴ്ചപ്പാടായിരുന്നു ശ്രീനാരായണ ഗുരുവിന്റേത് എന്ന് വ്യക്തം. ആരൊക്കെ ഏച്ചുകൂട്ടാൻ ശ്രമിച്ചാലും ഒരിക്കലും പൊരുത്തപ്പെടാത്ത ഒന്നാണ് സംഘപരിവാറിന്റെ രാഷ്ട്രീയ നിലപാടും ശ്രീനാരായണ ദർശനവുമെന്ന് വെളിപ്പെടുത്തുന്നതാണ് ഇപ്പോഴുണ്ടായ സംഭവങ്ങൾ. അങ്ങനെ സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വാർഷികമാചരിക്കുന്ന ഈ ഘട്ടത്തിൽ ശ്രീനാരായണ ഗുരുവിനെ അവതരിപ്പിച്ചുവെന്നതിന്റെ പേരിൽ കേരളം മാറ്റിനിർത്തപ്പെട്ടിരിക്കുകയാണ്. സംഘപരിവാർ ആശയങ്ങൾക്ക് കീഴ്പ്പെടാൻ തയ്യാറാവാത്ത കേരളത്തിനോടുള്ള പ്രതികാരം കൂടിയായി ഈ സംഭവത്തെ കാണേണ്ടതുണ്ട്. റിപ്പബ്ലിക്ക് ദിനാചരണത്തിന്റെ ആഘോഷങ്ങളുടെ ചരിത്രത്തിൽ ഇതൊരു തീരാ കളങ്കമായി എന്നും അവശേഷിക്കും.

കടപ്പാട്
ദേശാഭിമാനി

# ധൈര്യവും നിശ്ചയദാർഢ്യവുമാണ് ഇന്നത്തെ ഇന്ത്യയുടെ മുഖമുദ്ര: പ്രധാനമന്ത്രി

പ്രധാന മന്ത്രി രാഷ്ട്രീയ ബാല പുരസ്കാര (പി. എം. ആർ.ബി.പി) ജേതാക്കളുമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസ് വഴി സംവദിച്ചു. ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യ ഉപയോഗിച്ച് 2022, 2021 വർഷങ്ങളിലെ പി. എം. ആർ.ബി.പി അവാർഡ് ജേതാക്കൾക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകി.

നേരത്തെ പെൺമക്കളെ പോലും അനുവദിക്കാത്ത മേഖലകളിൽ പോലും പെൺമക്കൾ ഇന്ന് അത്ഭുതങ്ങൾ സൃഷ്ടിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇത് നവീകരണത്തിൽ നിന്ന് പിന്മാറാത്ത നവഇന്ത്യയാണിത്, ധൈര്യവും നിശ്ചയദാർഢ്യവുമാണ് ഇന്നത്തെ ഇന്ത്യയുടെ മുഖമുദ്ര.

അവാർഡ് ജേതാക്കൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് ആദ്യമായാണ് ഈ സാങ്കേതികവിദ്യ ഉപയോഗിക്കുന്നത്. കേന്ദ്ര വനിതാ ശിശു വികസന മന്ത്രി ശ്രീമതി സ്മൃതി സുബിൻ ഇറാനിയും സഹമന്ത്രി ഡോ. മുൻജപാറ മഹേന്ദ്രഭായിയും ചടങ്ങിൽ സന്നിഹിതരായിരുന്നു.

മദ്ധ്യപ്രദേശ് ഇൻഡോറിലെ മാസ്റ്റർ അവി ശർമ്മയുമായി സംവദിച്ച പ്രധാനമന്ത്രി രാമായണത്തിന്റെ വിവിധ വശങ്ങളുമായി ബന്ധപ്പെട്ട സമൃദ്ധമായ അവബോധത്തിന്റെ രഹസ്യം ആരാഞ്ഞു. അടച്ചിടൽ കാലത്ത് രാമായണം സീരിയൽ സംപ്രേക്ഷണം ചെയ്യാനുള്ള തീരുമാനത്തിൽ നിന്നാണ് തനിക്ക് പ്രചോദനം ലഭിച്ചതെന്ന് മാസ്റ്റർ അവി ശർമ്മ പറഞ്ഞു. അവി തന്റെ സൃഷ്ടിയിൽ നിന്നുള്ള ചില ഈരടികളും ചൊല്ലി. കുട്ടിയായിരുന്നപ്പോൾ സുശ്രീ ഉമാഭാരതി ജി ഒരു പരിപാടിയിൽ അപാരമായ ആത്മീയ ആഴവും വിജ്ഞാനവും കാണിച്ചതിനെക്കുറിച്ച് താൻ ശ്രവിച്ച ഒരുസംഭവം പ്രധാനമന്ത്രി വിവരിച്ചു. ഇത്തരത്തിൽ പ്രായാധിക്യബുദ്ധിയുള്ള പ്രതിഭകൾക്ക് ജന്മം നൽകുന്ന ചിലത് മദ്ധ്യപ്രദേശിന്റെ മണ്ണിലുണ്ടെന്നും അദ്ദേഹം പറഞ്ഞു. അവി ഒരു പ്രചോദനമാണെന്നും വലിയ കാര്യങ്ങൾ ചെയ്യാൻ നിങ്ങൾ ഒരിക്കലും ചെറുപ്പം തടസമല്ല എന്ന പഴഞ്ചൊല്ലിന്റെ ഉദാഹരണവുമാണെന്ന് പ്രധാനമന്ത്രി അവി പറഞ്ഞു.

കർണാടകത്തിൽ നിന്നുള്ള കുമാരി റെമോണ ഇവറ്റ് പെരേരയുമായി സംവദിക്കവേ, ഇന്ത്യൻ നൃത്തത്തോടുള്ള അഭിനിവേശത്തെക്കുറിച്ച് പ്രധാനമന്ത്രി ചർച്ച ചെയ്തു. തന്റെ അഭിനിവേശത്തെ പിന്തുടരുന്നതിൽ അവൾക്ക് അഭിമുഖീകരിക്കേണ്ടി വന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് അദ്ദേഹം ആരാഞ്ഞു. തന്റെ മകളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സ്വന്തം പ്രതികൂല സാഹചര്യങ്ങളെപോലും അവഗണിച്ച റെമോണയുടെ അമ്മയെ പ്രധാനമന്ത്രി അഭിനന്ദിച്ചു. റെമോണയുടെ നേട്ടങ്ങൾ അവളുടെ പ്രായത്തേക്കാൾ വളരെ വലുതാണെന്ന് പറഞ്ഞ പ്രധാനമന്ത്രി, മഹത്തായ രാജ്യത്തിന്റെ കരുത്ത് പ്രകടിപ്പിക്കാനുള്ള ഒരു മാർഗ്ഗമാണ് അവളുടെ കലയെന്നും പറഞ്ഞു.

ത്രിപുരയിലെ കുമാരി പുഹാബി ചക്രബർത്തിയുമായി സംവദിച്ച പ്രധാനമന്ത്രി, കോവിഡുമായി ബന്ധപ്പെട്ട അവളുടെ നൂതനാശയങ്ങളെക്കുറിച്ച് ആരാഞ്ഞു. കായിക താരങ്ങൾക്കുള്ള തന്റെ കായികക്ഷമത ആപ്പിനെക്കുറിച്ചും അവർ പ്രധാനമന്ത്രിയെ അറിയിച്ചു. തന്റെ ഉദ്യമത്തിന് സ്കൂളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ലഭിക്കുന്ന പിന്തുണയെ കുറിച്ച് പ്രധാനമന്ത്രി ചോദിച്ചു. കായികവിനോദങ്ങൾക്കും നൂതനാശയ ആപ്പുകൾ വികസിപ്പിക്കുന്നതിലും അവളുടെ സമയം സന്തുലിതമായി സമർപ്പിക്കുന്നതിനെക്കറിച്ചും അദ്ദേഹം ചോദിച്ചു.

ബീഹാറിലെ പശ്ചിമ ചമ്പാരനിൽ നിന്നുള്ള മാസ്റ്റർ ധീരജ് കുമാറുമായി സംവദിക്കവേ, തന്റെ അനുജനെ മുതലയുടെ ആക്രമണത്തിൽ നിന്ന് രക്ഷിച്ച സംഭവത്തെക്കുറിച്ച് പ്രധാനമന്ത്രി ആരാഞ്ഞു. ഇളയസഹോദരനെ രക്ഷിക്കുമ്പോഴുണ്ടായിരുന്ന അദ്ദേഹത്തിന്റെ മാനസികാവസ്ഥയെക്കുറിച്ചും ഇപ്പോൾ പ്രശസ്തി ലഭിച്ച ശേഷം അദ്ദേഹത്തിന് എന്ത് തോന്നുന്നുവെന്നും പ്രധാനമന്ത്രി ചോദിച്ചു. അദ്ദേഹത്തിന്റെ ധൈര്യത്തെയും മനസാന്നിധ്യത്തെയും പ്രധാനമന്ത്രി പ്രശംസിച്ചു. ഒരു സൈനികനെന്ന നിലയിൽ രാജ്യത്തെ സേവിക്കാൻ ആഗ്രഹിക്കുന്നുവെന്ന് ധീരജ് പ്രധാനമന്ത്രിയോട് പറഞ്ഞു.

പഞ്ചാബിൽ നിന്നുള്ള മാസ്റ്റർ മീധാൻഷ് കുമാർ ഗുപ്തയുമായി സംവദിച്ച പ്രധാനമന്ത്രി, കോവിഡ് പ്രശ്നങ്ങൾക്കായി ഒരു ആപ്പ് സൃഷ്ടിച്ചതിലെ നേട്ടത്തെക്കുറിച്ച് ആരാഞ്ഞു. മീധാൻഷിനെപ്പോലുള്ള കുട്ടികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കാനുള്ള ഗവൺമെന്റിന്റെ പരിശ്രമങ്ങൾ ഫലം കാണുന്നുവെന്നും തൊഴിലന്വേഷകരാകുന്നതിനുപകരം തൊഴിൽ ദാതാക്കളാകാനുള്ള പ്രവണത കൂടുതൽ പ്രകടമായിക്കൊണ്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

ചണ്ഡീഗഡിൽ നിന്നുള്ള കുമാരി തരുഷി ഗൗറുമായി സംവദിക്കവേ, കായിക വിനോദവും പഠനവും തമ്മിലുള്ള സന്തുലിതാവസ്ഥയെക്കുറിച്ചുള്ള അവരുടെ അഭിപ്രായം പ്രധാനമന്ത്രി ആരാഞ്ഞു. ബോക്സർ മേരി കോമിനെ തരുശ്രീ എന്തുകൊണ്ടാണ് ആരാധിക്കുന്നതെന്ന് പ്രധാനമന്ത്രി ചോദിച്ചു. ഒരു കായികതാരം എന്ന നിലയിലും അമ്മയെന്ന നിലയിലും അവർ പ്രകടമാക്കുന്ന മികവിനും സന്തുലിതാവസ്ഥയ്ക്കും ഉള്ള പ്രതിബദ്ധത മൂലമാണ് അവരെ ഇഷ്ടപ്പെടുന്നതെന്ന് അവർ പ്രധാനമന്ത്രിയെ അറിയിച്ചു. കായിക താരങ്ങൾക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കാനും എല്ലാ തലത്തിലും വിജയിക്കാനുള്ള മാനസികാവസ്ഥ സൃഷ്ടിക്കാനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

രാജ്യം ആസാദി കാ അമൃത് മഹോത്സവം ആഘോഷിക്കുന്ന സുപ്രധാന കാലഘട്ടത്തിൽ സമ്മാനിച്ച പുരസ്ക്കാരങ്ങൾ എന്നതിന്റെ വെളിച്ചത്തിൽ ഈ പുരസ്കാരങ്ങൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നതായി സദസിനെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. അമൃത് കാലത്തിന്റെ വരാനിരിക്കുന്ന 25 വർഷങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ ഭൂതകാലത്തിൽ നിന്ന് ഊർജം ഉൾക്കൊണ്ട് കൊണ്ട് ഓരോരുത്തരും സ്വയം സമർപ്പിക്കേണ്ട സമയമാണിതെന്ന് അദ്ദേഹം പറഞ്ഞു. ദേശീയ പെൺകുട്ടികളുടെ ദിനത്തിൽ രാജ്യത്തെ പെൺമക്കൾക്കും അദ്ദേഹം ആശംസകൾ നേർന്നു. സ്വാതന്ത്ര്യ സമരത്തിന്റെ തിളങ്ങുന്ന ചരിത്രവും ബിർബല കനകലത ബറുവ, ഖുദിറാം ബോസ്, റാണി ഗൈഡിനിലു എന്നിവരുടെ സംഭാവനകളും പ്രധാനമന്ത്രി അനുസ്മരിച്ചു. "ഈ പോരാളികൾ വളരെ ചെറുപ്പത്തിൽ തന്നെ രാജ്യത്തിന്റെ സ്വാതന്ത്ര്യം തങ്ങളുടെ ജീവിത ദൗത്യമാക്കി മാറ്റുകയും അതിനായി അവരെ സ്വയം സമർപ്പിക്കുകയും ചെയ്തു" , പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

കഴിഞ്ഞ വർഷം ദീപാവലി ദിനത്തിൽ ജമ്മു കാശ്മീരിലെ നൗഷേര സെക്ടറിൽ സന്ദർശനം നടത്തിയപ്പോൾ സ്വാതന്ത്ര്യാനന്തര യുദ്ധത്തിൽ ബാല സൈനികരായി സേവനമനുഷ്ഠിച്ച ബൽദേവ് സിങ്ങിനെയും ബസന്ത് സിങ്ങിനെയും കണ്ടതും പ്രധാനമന്ത്രി അനുസ്മരിച്ചു. തങ്ങളുടെ ജീവിതത്തെക്കുറിച്ച് ചിന്തിക്കാതെ ആ ചെറുപ്രായത്തിൽ തന്നെ അവർ തങ്ങളുടെ സൈന്യത്തെ സഹായിച്ചു. ഈ വീരന്മാരുടെ ധീരതയ്ക്ക് പ്രധാനമന്ത്രി ആദരവ് അർപ്പിച്ചു.

ഗുരു ഗോവിന്ദ് സിംഗ് ജിയുടെ പുത്രന്മാരുടെ ധീരതയുടെയും ത്യാഗത്തിന്റെയും ഉദാഹരണങ്ങളും പ്രധാനമന്ത്രി ഉദ്ധരിച്ചു. പുത്രന്മാർ അപാരമായ വീര്യത്തോടെ ത്യാഗം ചെയ്തപ്പോൾ അവർ വളരെ ചെറുപ്പമായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ നാഗരീകതയ്ക്കും സംസ്കാരത്തിനും വിശ്വാസത്തിനും മതത്തിനും വേണ്ടിയുള്ള അവരുടെ ത്യാഗം സമാനതകളില്ലാത്തതാണ്. സാഹിബ്സാദമാരെയും അവരുടെ ത്യാഗത്തെയും കുറിച്ച് കൂടുതൽ അറിയാൻ പ്രധാനമന്ത്രി യുവാക്കളോട് ആവശ്യപ്പെട്ടു.

ഡൽഹിയിലെ ഇന്ത്യാഗേറ്റിന് സമീപം നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ഡിജിറ്റൽ പ്രതിമയും സ്ഥാപിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. " നേതാജിയിൽ നിന്ന് നമുക്ക് ഏറ്റവും വലിയ പ്രചോദനം ലഭിക്കുന്നു രാജ്യത്തോടുള്ള കടമ ആദ്യം. നേതാജിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നിങ്ങളും രാജ്യത്തോടുള്ള കടമയുടെ പാതയിൽ മുന്നോട്ട് പോകണം", ശ്രീ മോദി കൂട്ടിച്ചേർത്തു.

ഏത് മേഖലയിലായാലും യുവത്വത്തെ കേന്ദ്രത്തിൽ നിലനിർത്തുന്നത് നയങ്ങളും മുൻകൈകളുമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. സ്വയം പര്യാപ്ത ഇന്ത്യയ്ക്ക് വേണ്ടിയുള്ള ജനകീയ മുന്നേറ്റത്തിനൊപ്പം സ്റ്റാർട്ട് അപ്പ് ഇന്ത്യ, സ്റ്റാൻഡ് അപ്പ് ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ, മേക്ക് ഇൻ ഇന്ത്യ തുടങ്ങിയ സംരംഭങ്ങളും ആധുനിക പശ്ചാത്തല സൗകര്യങ്ങളുടെ സൃഷ്ടിയും അദ്ദേഹം എടുത്തുപറഞ്ഞു. ഇന്ത്യയിലും പുറത്തും ഈ പുതിയ യുഗത്തിന് നേതൃത്വം നൽകുന്ന ഇന്ത്യയിലെ യുവാക്കളുടെ വേഗതയുമായി സമന്വയിക്കുന്നതാണിതെന്ന് അദ്ദേഹം പറഞ്ഞു. നൂതനാശയങ്ങൾ, സ്റ്റാർട്ടപ്പ് മേഖലകളിൽ ഇന്ത്യയുടെ വളർന്നുവരുന്ന കഴിവിൽ പ്രധാനമന്ത്രി അടിവരയിട്ടു. പ്രമുഖ ആഗോള കമ്പനികളെ യുവ ഇന്ത്യൻ സി.ഇ.ഒമാർ നയിക്കുന്നതിലെ രാജ്യത്തിന്റെ അഭിമാനം അദ്ദേഹം പകർന്നുനൽകി. " ഇന്ത്യയിലെ യുവാക്കൾ സ്റ്റാർട്ടപ്പുകളുടെ ലോകത്ത്

ഇന്ന് മികവ് പുലർത്തുന്നത് കാണുമ്പോൾ നമുക്ക് അഭിമാനം തോന്നുന്നു. ഇന്ന് ഇന്ത്യയിലെ യുവാക്കൾ രാജ്യത്തെ നവീകരിക്കുകയും മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യുന്നത് കാണുമ്പോൾ നമുക്ക് അഭിമാനം തോന്നുന്നു", പ്രധാനമന്ത്രി പറഞ്ഞു.

പ്രതിരോധകുത്തിവയ്പ്പ് പരിപാടിയിലും ഇന്ത്യയിലെ കുട്ടികൾ തങ്ങളുടെ ആധുനികവും ശാസ്ത്രീയവുമായ ചിന്തകൾ പ്രകടിപ്പിച്ചതായി പ്രധാനമന്ത്രി അഭിനന്ദിച്ചു. ജനുവരി 3 മുതൽ, വെറും 20 ദിവസത്തിനുള്ളിൽ 40 ദശലക്ഷത്തിലധികം കുട്ടികൾ കൊറോണ പ്രതിരോധകുത്തിവയ്പ്പ് സ്വീകരിച്ചു. സ്വച്ഛ് ഭാരത് അഭിയാനിലെ അവരുടെ നേതൃത്വത്തെയും അദ്ദേഹം അഭിനന്ദിച്ചു. പ്രാദേശികതയ്ക്ക് വേണ്ടിയുള്ള ശബ്ദത്തിന്റെ (വോക്കൽ ഫോർ ലോക്കൽ) അംബാസഡിറമാരാകാനും ആത്മനിർഭർ ഭാരതിന്റെ സംഘടിതപ്രവർത്തനത്തിന് നേതൃത്വം നൽകാനും പ്രധാനമന്ത്രി അവരോട് അഭ്യർത്ഥിച്ചു.

## റിപബ്ലിക് ദിനാഘോഷം മന്ത്രി ജെ. ചിഞ്ചുറാണി പതാക ഉയർത്തും

ജില്ലയിലെ റിപബ്ലിക് ദിനാഘോഷം ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ നാളെ (ജനുവരി 26) രാവിലെ ഒമ്പത് മണിക്ക് കോവിഡ് മാനദണ്ഡം പാലിച്ച് നടത്തും. മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ച് റിപബ്ലിക് ദിന സന്ദേശം നൽകും. ജില്ലാ കലക്ടർ അഫ്സാന പർവീൺ, സിറ്റി പൊലിസ് കമ്മിഷണർ ടി. നാരായണൻ. റൂറൽ എസ്. പി. കെ. ബി. രവി, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. കൊവിഡ് പശ്ചാത്തലത്തിൽ പൊതുജനത്തിന് പ്രവേശനം ഉണ്ടാകില്ല. 50 പേർക്കാണ് പങ്കെടുക്കാൻ അനുമതി. പരമാവധി നാല് പ്ളറ്റൂണുകൾക്ക് പരേഡിൽ പങ്കെടുക്കാം. കുട്ടികളും മുതിർന്ന പൗരാരും എത്താൻ പാടില്ല. സമ്മാനദാനം, ആദരിക്കൽ ചടങ്ങുകളും ഉണ്ടാകില്ല. ഭക്ഷണവിതരണത്തിനും അനുമതിയില്ല. എൻ.സി.സി, സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, ജൂനിയർ എൻ.സി.സി തുടങ്ങിയവയുടെ പരേഡിനും കുട്ടികളുടെ ദേശഭക്തി ഗാനാലാപനത്തിനും അനുമതിയില്ല. മാർച്ച് പാസ്റ്റും ഒഴിവാക്കണം. അംഗീകൃത മാധ്യമ പ്രതിനിധികൾക്ക് പ്രവേശനം അനുവദിക്കും. തെർമൽ സ്കാനിംഗ് നടത്തിയാകും പ്രവേശനം. സാനിറ്റൈസർ സംവിധാനവുമുണ്ടാകും.

പ്ലാസ്റ്റിക് നിർമിത പതാകയ്ക്കും സമാന വസ്തുക്കൾക്കും നിരോധനമുണ്ട്. ഹരിത ചട്ട പ്രകാരമാണ് ചടങ്ങ്. പ്രകൃതി സൗഹൃദ വസ്തുക്കൾക്ക് മാത്രമാണ് അനുമതി. സ്കൂളുകളിലും മറ്റു സ്ഥാപനങ്ങളിലും കോവിഡ് മാനദണ്ഡ പ്രകാരം ആഘോഷം നടത്താമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

## ക്ലസ്റ്ററുകൾ റിപ്പോർട്ട് ചെയ്യാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ നടപടി ജില്ലാ കലക്ടർ

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപപ്പെടുന്ന കോവിഡ് ക്ലസ്റ്ററുകൾ സംബന്ധിച്ച് കൃത്യമായ വിവരം കൈമാറാത്ത സ്ഥാപന മേധആവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ മുന്നറിയിപ്പ് നൽകി. ചില സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് ഓൺലൈൻ അവലോകന യോഗതീരുമാനം. ക്ലസ്റ്ററുകളുടെ വിവരം യഥാസമയം ആരോഗ്യവകുപ്പിനെയാണ് അറിയിക്കേണ്ടത്.

കോവിഡ് വാർ റൂമിന്റെ പ്രവർത്തനം, കോവിഡ് ഇതര രോഗികൾക്കും കാലതാമസമില്ലാതെ ചികിത്സ എന്നിവ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനു സബ് കലക്ടറെ ചുമതലപ്പെടുത്തി. ആർ. ആർ. ടി . അംഗങ്ങൾക്ക് കില വഴി പ്രത്യേക പരിശീലനം നൽകി വരുന്നു. ഡയാലിസിസ് രോഗികൾക്ക് ചികിത്സ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും അടിയന്തര പ്രാധാന്യത്തോടെ കൈക്കൊള്ളുകയാണ്. ആരോഗ്യ പ്രവർത്തകരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് ജില്ലാതലത്തിൽ സംവിധാനവുമൊരുക്കും.

ജില്ല നിലവിൽ എ കാറ്റഗറിയിലാണ്. വാരാന്ത്യ പോലീസ് പട്രോളിംഗ്, പരിശോധനകൾ എന്നിവ കർശനമായി തന്നെ തുടരും. കോവിഡ് നഷ്ടപരിഹാരം അനുവദിക്കുന്ന നടപടിക്രമങ്ങൾക്ക് തടസ്സമുണ്ടാകില്ല എന്ന് ഉറപ്പ് വരുത്തും. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 9, 10 ക്ലാസുകളിലെ കുട്ടികൾക്കുള്ള വാക്സിനേഷൻ 93 ശതമാനം പൂർത്തിയായി എന്നും ജില്ലാ കലക്ടർ വ്യക്തമാക്കി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ, സബ് കലക്ടർ ചേതൻ കുമാർ മീണ, സിറ്റി പൊലിസ് കമ്മിഷണർ ടി. നാരായണൻ, എ.ഡി.എം എൻ. സാജിതാ ബീഗം, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. ആർ. സന്ധ്യ, മറ്റു ജില്ലാതല ഉദ്യോഗസ്ഥർ, ആശുപത്രി പ്രതിനിധികൾ, തഹസിൽദാർമാർ തുടങ്ങിയവർ പങ്കെടുത്തു.

## വീടുകളിൽ മരുന്നെത്തിക്കാൻ ആരോഗ്യ വകുപ്പിന്റെ പ്രത്യേക പദ്ധതി

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ജീവിതശൈലി രോഗങ്ങളുള്ള മുതിർന്ന പൗരാർക്കും ബിപിഎൽ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കും അനുബന്ധ രോഗങ്ങളുള്ളവർക്കും വീടുകളിൽ സൗജന്യമായി മരുന്നുകൾ എത്തിച്ചു നൽകുന്നതിനായി ആരോഗ്യ വകുപ്പ് പദ്ധതിയാവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.

സംസ്ഥാന ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ആശ പ്രവർത്തകരുടേയും പാലിയേറ്റീവ് കെയർ പ്രവർത്തകരുടേയും സന്നദ്ധപ്രവർത്തകരുടേയും സഹായത്തോടെയാണ് ഈ വിഭാഗങ്ങളിലുള്ളവരുടെ വീടുകളിൽ മരുന്നുകൾ എത്തിക്കുന്നത്.

സാധാരണ ജനങ്ങൾക്ക് പ്രത്യേകിച്ച് അവശത അനുഭവിക്കുന്ന ജനവിഭാഗത്തിന് മരുന്നുകൾ വീട്ടിൽ എത്തിച്ച് നൽകാനുള്ള പദ്ധതി ഊർജ്ജിതമായി ആരോഗ്യ വകുപ്പ് നടപ്പിലാക്കും.

കോവിഡ് കാലത്ത് ആശുപത്രിയിലെത്തുമ്പോൾ ഉണ്ടാകുന്ന സമ്പർക്കം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതിയാവിഷ്ക്കരിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

## ഓഫിസുകളിൽ തീപിടിത്ത സാധ്യത ഒഴിവാക്കാൻ മാർഗനിർദേശം

സംസ്ഥാനത്തെ സർക്കാർ ഓഫിസുകളിൽ തീപിടിത്തം ഒഴിവാക്കുന്നതിനും തീപിടിത്തമുണ്ടായാൽ പ്രധാനപ്പെട്ട രേഖകൾ നഷ്ടമാകാതിരിക്കുന്നതിനും തീപിടിത്തം പെട്ടെന്ന് അറിയികുന്നതിനും പാലിക്കേണ്ട മാർനിർദേശങ്ങൾ സംബന്ധിച്ച് ആഭ്യന്തര വകുപ്പ് ഉത്തരവു പുറപ്പെടുവിച്ചു.

കെട്ടിടത്തിലെ വെന്റിലേഷൻ സംവിധാനങ്ങൾ പൂർണ്ണമായോ ഭാഗികമായോ അടയ്ക്കരുത്. മതിയായ വെന്റിലേഷൻ എല്ലാ ഭാഗങ്ങളിലും ഉറപ്പുവരുത്തണം. പാഴ്ക്കടലാസുകളും പാഴ്വസ്തുക്കളും സമയാസമയം നീക്കം ചെയ്യണം. കെട്ടിടത്തിന്റെ സ്റ്റെയർകേസിലും ടെറസ്സ് ഫ്ളോറിലും പാഴ്വസ്തുക്കൾ സൂക്ഷിക്കരുത്. ആവശ്യമായ പ്രാഥമിക അഗ്നിസുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കണം. റെക്കോഡ് റൂമിലും പ്രധാനപ്പെട്ട ഫയലകൾ സൂക്ഷിക്കുന്ന സ്ഥലങ്ങളിലും സ്മോക്ക് ഡിറ്റക്ഷൻ ആൻഡ് അലാറം സിസ്റ്റം സ്ഥാപിക്കണം. പ്രധാനപ്പെട്ട ഫയലുകൾ പെട്ടെന്ന് തീ പിടിക്കാത്ത അലമാരകളിൽ സൂക്ഷിക്കണം. പ്രധാന ഫയൽ ഡിജിറ്റൽ ആയി സൂക്ഷിക്കുകയും പകർപ്പ് മറ്റൊരു ഓഫീസിൽ സൂക്ഷിക്കുകയും ചെയ്യണം. കാലപ്പഴക്കം ചെന്ന വൈദ്യുതീകരണ സംവിധാനങ്ങൾ മാറ്റണം. ഞഇഇആ/ ഋഘഇആ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണം. ഒരു പ്ലഗ് പോയിന്റിൽ നിന്നും നിരവധി ഉപകരണങ്ങൾക്ക് കണക്ഷൻ എടുക്കരുത്. ഓപ്പൺ വയറിംഗ് പൂർണ്ണമായും ഒഴിവാക്കണം. വയറിംഗിൽ ജോയിന്റുകൾ ഉണ്ടെങ്കിൽ ശരിയായ രീതിയിൽ ഇൻസുലേഷൻ ചെയ്യണം. സ്വിച്ച് ബോർഡ്, മെയിൻ സ്വിച്ച്, യു.പി.എസ് എന്നിവയിൽ നിന്ന് ആവശ്യമായ അകലം പാലിച്ച് മാത്രമേ തീപിടിക്കാൻ സാധ്യതയുള്ള സാധനങ്ങൾ സൂക്ഷിക്കാവൂ. സുപ്രധാന ഫയലുകൾ സൂക്ഷിക്കുന്ന റെക്കോർഡ് റൂം ഓട്ടോമാറ്റിക് ഡിറ്റക്ഷൻ സംവിധാനം ഉപയോഗിച്ച് സമീപത്തെ ഫയർ സ്റ്റേഷനുകളിൽ കോൾ ലഭ്യമാകുന്ന വിധത്തിൽ ഹോട്ട് ലൈൻ സംവിധാനം സ്ഥാപിക്കണം.

(ബാങ്കുകളിൽ സ്ഥാപിക്കുന്നതു പോലെ). സർക്കാർ ഓഫീസുകളിൽ റെക്കോർഡ് റൂം സജ്ജമാക്കണം. ഓരോ മുറിയുടെയും വിസ്തൃതി പരിമിതപ്പെടുത്തണം. ഫയലുകൾ വലിയ ഉയരത്തിൽ അടുക്കിവയ്ക്കരുത്. ഫയലുകൾ ഈർപ്പം തട്ടാത്തവിധത്തിൽ സൂക്ഷിക്കണം. റെക്കോർഡ് റൂമിലെ വയറിംഗുകൾ മുറിക്ക് പുറത്ത് വച്ച് വൈദ്യുതി വിച്ഛേദിക്കുവാൻ സാധിക്കുന്ന വിധത്തിൽ സ്ഥാപിക്കേണ്ടതും മുറിയ്ക്കകത്ത് പ്രവേശിക്കുന്ന സമയത്ത് മാത്രം പ്രവർത്തിക്കുന്ന വിധത്തിൽ വൈദ്യുത ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതുമാണ്. റെക്കോർഡ് റൂമുകൾക്ക് ആവശ്യമായ എക്സിറ്റ് വിഡ്ത്ത് ഉണ്ടായിരിക്കണം. വിലപ്പെട്ട രേഖകളും ഡിജിറ്റൽ രേഖകളും സൂക്ഷിക്കുന്ന റെക്കോർഡ് റൂമുകൾ, സെർവർ റൂമുകൾ, യു.പി.എസ് റൂമുകൾ എന്നിവിടങ്ങളിൽ സ്മോക്ക്/ ഹീറ്റ് ഡിറ്റക്ഷൻ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഇഷ2/എങ200 ൽ പ്രവർത്തിക്കുന്ന ടോട്ടൽ ഫ്ളഡിംഗ് സംവിധാനം സ്ഥാപിക്കണം. ഇലക്ട്രിക്ക് ഉപകരണങ്ങൾ ഓഫീസ് സമയത്തിന് ശേഷം ഓഫ് ആക്കിയതായി ഉറപ്പാക്കണം. ഓഫീസിനകത്ത് പാചകത്തിന്/ മറ്റ് ആവശ്യങ്ങൾക്ക് ഹീറ്റർ, ഇൻഡക്ഷൻ തുടങ്ങിയവ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പാക്കണം. സ്റ്റോർ റൂമുകളിൽ എക്സ്ഹോസ്റ്റ് ഫാനുകൾ ഉണ്ടെന്ന് ഉറപ്പാക്കണം. എല്ലാ ഓഫീസുകളിലും ജീവനക്കാർക്ക് പ്രഥമിക അഗ്നിശമന പ്രവർത്തനങ്ങളിൽ മതിയായ പരിശീലനം നൽകണം. ഫയൽ ഓഡിറ്റ്, ഇലക്ട്രിക്കൽ ഓഡിറ്റ് എന്നിവ യഥാസമയങ്ങളിൽ നടത്തി അപാകതകൾ പരിഹരിക്കണം. ബഹുനില കെട്ടിങ്ങൾ എൻ.ബി.സി പ്രകാരമുള്ള അഗ്നിശമന സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണം. അഗ്നിരക്ഷാ പ്രവർത്തനങ്ങൾക്കായി ഓഫീസ് കോമ്പൗണ്ടിനകത്തേക്കുള്ള റോഡ് എപ്പോഴും തടസ്സരഹിതമായി സൂക്ഷിക്കണം. പ്രധാനപ്പെട്ട ഓഫീസുകളിൽ നിർബന്ധമായും നൈറ്റ് വാച്ച്/ സെക്യൂരിറ്റിയെ നിയമിക്കണമെന്നും ഉത്തരവിൽ പറയുന്നു.

### ക്ലിനിക്കൽ സൈക്കോളജിസ്റ്റ് കരാർ നിയമനം

ലഹരി വർജന മിഷൻ വിമുക്തിക്കു കീഴിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഡിഅഡിക്ഷൻ സെന്ററിലേക്ക് താത്കാലികാടിസ്ഥാനത്തിൽ ഒരു വർഷക്കാലത്തേക്കു ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിൽ കരാർ നിയമനം നടത്തുന്നതിനു വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു.

വഞ്ചിയൂർ റെഡ് ക്രോസ് റോഡിലുള്ള ജില്ലാ മെഡിക്കൽ ഓഫിസിൽ(ആരോഗ്യം) ഫെബ്രുവരി രണ്ടിനു രാവിലെ 10നാണ് ഇന്റർവ്യൂ. ക്ലിഎം.ഫിൽ/പി.ജി.ഡി.സി.പി ഇൻ ക്ലിനിക്കൽ സൈക്കോളജി, ആർ.സി.ഐ. രജിസ്ട്രേഷൻ എന്നിവയാണു യോഗ്യതകൾ. കൂടുതൽ വിവരങ്ങൾക്ക് 0471 2471291.

### ഡോക്ടറുടെ കുറിപ്പടിയില്ലാതെയുള്ള മരുന്നു വിൽപ്പനയ്ക്കെതിരേ കർശന നടപടി

ഷെഡ്യൂൾ എച്ച്, എച്ച്1 വിഭാഗത്തിലെ ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ ഡോക്ടറുടെ കുറിപ്പടിയില്ലാതെ വിൽപ്പന നടത്തുന്ന ഔഷധ വ്യാപാരികൾക്കെതിരേ കർശന നടപടിയെടുക്കുമെന്നു ഡ്രഗ്സ് കൺട്രോളർ അറിയിച്ചു. പനി, ചുമ, ജലദോഷം, തൊണ്ടവേദന തുടങ്ങിയവയ്ക്ക് ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ ഡോക്ടറുടെ കുറിപ്പടിയില്ലാതെ നൽകുന്നെന്ന പരാതികളുടെ അടിസ്ഥാനത്തിലാണു മുന്നറിയിപ്പ്. മരുന്നുകൾ ഇത്തരത്തിൽ ഉപയോഗിക്കുന്നതു ഗുരുതര ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കും. പൊതുജനങ്ങൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നും അറിയിപ്പിൽ പറയുന്നു.

## ആശുപത്രികൾ നിറഞ്ഞു എന്നത് തെറ്റായ വാർത്ത: മന്ത്രി വീണാ ജോർജ്

സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഐസിയു, വെന്റിലേറ്റർ എന്നിവ നിറഞ്ഞു എന്ന തരത്തിലുള്ള വാർത്തകൾ തെറ്റാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒരുവിധ ആശങ്കയോ ഭയമോ വേണ്ട. സംസ്ഥാനത്തെ ആശുപത്രികൾ സുസജ്ജമാണ്. സർക്കാർ വളരെ കൃത്യമായി മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്. ആശുപത്രി കിടക്കകൾ, ഐസിയുകൾ, വെന്റിലേറ്ററുകൾ, ഓക്സിജൻ കിടക്കകൾ എന്നിവയെല്ലാം വലിയ രീതിയിൽ വർധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ആഴ്ചയിൽ ശരാശരി 1,95,258 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 0.7 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 0.4 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്. പകർച്ചവ്യാധി സമയത്ത് ജനങ്ങളിൽ ആശങ്കയുളവാക്കുന്ന വാർത്തകൾ ഒഴിവാക്കണമെന്ന് മന്ത്രി വ്യക്തമാക്കി. സർക്കാർ ആശുപത്രികളിൽ ആകെ 3107 ഐസിയുള്ളതിൽ 43.3 ശതമാനം മാത്രമാണ് കോവിഡ്, നോൺ കോവിഡ് രോഗികളുള്ളത്. വെന്റിലേറ്ററിൽ ആകെ 13.1 ശതമാനം മാത്രമാണ് കോവിഡ്, നോൺ കോവിഡ് രോഗികളുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 206 ഐസിയുകളാണുള്ളത്. തിരുവനന്തപുരത്ത് 40 ഐസിയു കിടക്കകളാണ് കോവിഡിനായി മാറ്റിവച്ചിട്ടുള്ളത്. എന്നാൽ ഇവിടെ 20 കോവിഡ് രോഗികൾ മാത്രമേ ഐസിയുവിലുള്ളൂ. രോഗികൾ കൂടുകയാണെങ്കിൽ നോൺ കോവിഡ് ഐസിയു ഇതിലേക്ക് മാറ്റും.

തിരുവനന്തപുരം 206, എസ്എടി ആശുപത്രി 31, കൊല്ലം 68, ആലപ്പുഴ 150, കോട്ടയം 237, ഇടുക്കി 50, എറണാകുളം 54, തൃശൂർ 120, മഞ്ചേരി 80, കോഴിക്കോട് 256, കണ്ണൂർ 165 എന്നിങ്ങനെയാണ് വിവിധ മെഡിക്കൽ കോളേജുകളിൽ ഐസിയു കിടക്കകളുള്ളത്. തിരുവനന്തപുരം 20, എസ്എടി ആശുപത്രി 1, കൊല്ലം 15, ആലപ്പുഴ 11, കോട്ടയം 20, ഇടുക്കി 13, എറണാകുളം 10, തൃശൂർ 7, മഞ്ചേരി 53, കോഴിക്കോട് 14, കണ്ണൂർ 24 എന്നിങ്ങനെയാണ് ചികിത്സയിലുള്ള രോഗികളുടെ എണ്ണം.

വെന്റിലേറ്ററുകൾ ഉപയോഗിക്കുന്ന രോഗികളുടെ എണ്ണവും വളരെ കുറവാണ്. തിരുവനന്തപുരത്ത് കോവിഡ് രോഗികൾക്കായി മാറ്റിവച്ച ആകെയുള്ള 40 വെന്റിലേറ്ററുകളിൽ 2 എണ്ണത്തിൽ മാത്രമാണ് കോവിഡ് രോഗികളുള്ളത്. കോഴിക്കോട് കോവിഡ് രോഗികൾക്കായി മാറ്റിവച്ച 52 വെന്റിലേറ്ററുകളിൽ 4 കോവിഡ് രോഗികൾ മാത്രമാണുള്ളത്. ഇത്രയേറെ സംവിധാനങ്ങൾ ഉള്ള സമയത്ത് തെറ്റായ വാർത്ത നൽകരുതെന്ന് മന്ത്രി പറഞ്ഞു. കോവിഡ് രോഗികളുടെ എണ്ണം കൂടുന്നതനുസരിച്ച് ഒഴിഞ്ഞുകിടക്കുന്ന നോൺ കോവിഡ് ഐസിയു, വെന്റിലേറ്ററുകൾ ഉപയോഗിക്കും.

ആരോഗ്യ പ്രവർത്തകർക്ക് കോവിഡ് പടരാതിരിക്കാൻ പ്രത്യേക നിർദേശം നൽകിയിട്ടുണ്ട്. ആശുപത്രികൾ കോവിഡിന്റെ ഉറവിടമാകാൻ പാടില്ല. സുരക്ഷാമാർഗങ്ങൾ കൃത്യമായി പാലിക്കണം. കൂടുതൽ ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

18 വയസിന് മുകളിലുള്ള 100 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും 83 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും നൽകി. അതിനാൽ ഭൂരിപക്ഷം പേർക്കും രോഗ പ്രതിരോധ ശേഷി കൈവന്നിട്ടുണ്ട്. വാക്സിനെടുത്തവർക്ക് രോഗം വന്നാലും തീവ്രമാകാനുള്ള സാധ്യത കുറവാണ്. പ്രായമായവർക്കും മറ്റനുബന്ധ രോഗമുള്ളവർക്കും പ്രതിരോധ ശേഷി കുറഞ്ഞവർക്കും വാക്സിനെടുത്താലും രോഗം ബാധിച്ചാൽ ഗുരുതരമാകാൻ സാധ്യതയുണ്ട്. അതിനാൽ അവർക്ക് കരുതൽ നൽകുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാനം ആവിഷ്കരിച്ചിരിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

### ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനം

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിൽ ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് സമാന തസ്തികയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഓഫീസ് മേലധികാരി മുഖേന സമർപ്പിക്കുന്ന ജീവനക്കാരുടെ അപേക്ഷകൾ സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, അഗ്രികൾച്ചറൽ ഹൗസിംഗിൽ മാർക്കറ്റ് കോമ്പൗണ്ട്, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ ഫെബ്രുവരി 7 നകം ലഭിക്കണം. ഫോൺ: 0471 2743783.

# കിംസ്ഹെൽത്ത് മെഡിക്കൽ ഡിവൈസസ് ആൻഡ് കാലിബ്രേഷൻ ലാബിന് എൻഎബിഎൽ അംഗീകാരം

തിരുവനന്തപുരം: മെഡിക്കൽ ഉപകരണങ്ങളുടെ നിലവാരം പരിശോധിച്ച് അംഗീകാരം നൽകുന്ന കിംസ്ഹെൽത്ത് മെഡിക്കൽ ഡിവൈസസ് ആൻഡ് കാലിബ്രേഷൻ ലാബിന് (കെഎംഡിടിസിഎൽ) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിൻറെ (എൻഎബിഎൽ) അംഗീകാരം ലഭിച്ചു. ഈ അംഗീകാരം നേടുന്ന രാജ്യത്തെ രണ്ടാമത്തെയും സംസ്ഥാനത്തെ ആദ്യത്തെയും ആശുപത്രി ശൃംഖലയാണ് കിംസ്ഹെൽത്ത്.

അത്യാഹിതവിഭാഗം, ഓപ്പറേഷൻ തിയേറ്റർ, മൾട്ടി ഡിസിപ്ലിനറി ഐസിയു വിഭാഗങ്ങളിൽ ഉപയോഗിക്കുന്ന മെഡിക്കൽ ഉപകരണങ്ങളുടെ കൃത്യത, ഗുണനിലവാരം, വിശ്വാസ്യത, സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനാണ് അംഗീകാരം ലഭിച്ചത്. കിംസ്ഹെൽത്ത് ആശുപത്രികളിലെ ഉപകരണങ്ങൾക്ക് ഇനിമുതൽ കെഎംഡിടിസിഎൽ വഴി തന്നെ അംഗീകാരം ലഭിക്കും.

അഭിമാനാർഹമായ നേട്ടമാണിതെന്ന് കിംസ്ഹെൽത്ത് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം ഐ സഹദുള്ള പറഞ്ഞു. ഇതോടെ ഇന്ത്യയിലും ഗൾഫിലുമുള്ള ഏറ്റവും സുരക്ഷിതമായ ആശുപത്രികളിലൊന്നായി കിംസ്ഹെൽത്ത് മാറി. അന്താരാഷ്ട്ര മാനദണ്ഡ പ്രകാരമുള്ള ഉപകരണ പരിശോധനാ സംവിധാനമാണ് കെഎംഡിടിസിഎല്ലിൽ സജ്ജീകരിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കിംസ്ഹെൽത്തിൻറെ ക്ലിനിക്കൽ എൻജിനീയറിംഗ് വകുപ്പിനു കീഴിലാണ് കെഎംഡിടിസിഎൽ പ്രവർത്തിക്കുന്നത്. അംഗീകാരം ലഭിച്ചതിലൂടെ കിംസ്ഹെൽത്തിലെ ഉപകരണങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്താൻ മറ്റ് ലാബുകളെ ആശ്രയിക്കേണ്ടതില്ല. സങ്കീർണമായ ചികിത്സകൾക്ക് എടുക്കുന്ന കാലതാമസവും ഒഴിവാക്കാനാകും. രാജ്യത്തെ മറ്റ് ആശുപത്രികൾക്കും കെഎംഡിടിസിഎല്ലിൻറെ സേവനം ഉപയോഗപ്പെടുത്താനാകും.



കിംസ്ഹെൽത്ത് മെഡിക്കൽ ഡിവൈസസ് ആൻഡ് കാലിബ്രേഷൻ ലാബിന് ലഭിച്ച എൻബിഎൽ സർട്ടിഫിക്കറ്റുമായി കിംസ്ഹെൽത്ത് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.എം ഐ സഹദുള്ള. ക്ലിനിക്കൽ സർവ്വീസസ് ഡയറക്ടർ ഡോ. രാജൻ ബി, ക്ലിനിക്കൽ എൻജിനീയറിംഗ് ഡപ്യൂട്ടി ജനറൽ മാനേജർ ആർ. രഞ്ജിത്ത്, ഗ്രൂപ്പ് സിഒഒ ജെറി ഫിലിപ്പ്, ഗ്രൂപ്പ് എച്ച്ആർ മേധാവി കൃപേഷ് ഹരിഹരൻ എന്നിവർ സമീപം.

# കാൻസർ രോഗികൾക്ക് തൊട്ടടുത്ത് വിദഗ്ധ ചികിത്സ

## 24 ആശുപത്രികളിൽ കാൻസർ ചികിത്സാ സംവിധാനം

രോഗപ്രതിരോധ ശേഷി കുറഞ്ഞ കാൻസർ രോഗികൾ കോവിഡ് കാലത്ത് ചികിത്സയ്ക്ക് വളരെ ദൂരം യാത്ര ചെയ്യുന്നത് ഒഴിവാക്കാൻ വീടിനടുത്ത് വിദഗ്ധ ചികിത്സ ഉറപ്പാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.

സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച ജില്ലാ കാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിന് കീഴിലുള്ള 24 ആശുപത്രികളിലാണ് കീമോതെറാപ്പി ഉൾപ്പെടെയുള്ള അത്യാധുനിക കാൻസർ ചികിത്സ നൽകാനുള്ള സൗകര്യമൊരുക്കിയിട്ടുള്ളത്. കീമോതെറാപ്പി, റേഡിയോതെറാപ്പി, മറ്റ് ക്യാൻസർ അനുബന്ധ ചികിത്സകൾ എന്നിവയ്ക്കായി തിരുവനന്തപുരം ആർസിസിയിലോ, മലബാർ കാൻസർ സെന്ററിലോ, മെഡിക്കൽ കോളേജുകളിലോ പോകാതെ തുടർ ചികിത്സ സാധ്യമാക്കുന്ന തരത്തിലാണ് പ്രവർത്തനം ഏകോപിപ്പിച്ചിരിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം ആർസിസി, മലബാർ കാൻസർ സെന്റർ എന്നിവയുമായി ചേർന്നുകൊണ്ട് കാൻസർ ചികിത്സ പൂർണമായും ഈ കേന്ദ്രങ്ങളിലൂടെ സാധ്യമാണ്. ഇവർക്ക് ആർസിസിയിലും മെഡിക്കൽ കോളേജുകളിലും ലഭിച്ചുകൊണ്ടിരിക്കുന്ന അതേ ചികിത്സ നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഈ സംവിധാനം ഒന്നുകൂടി ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇതിലൂടെ എല്ലാ ജില്ലകളിലുമുള്ള കാൻസർ രോഗികൾക്ക് റീജിയണൽ കാൻസർ സെന്ററുകളിൽ ലഭിച്ചിരുന്ന അതേ ചികിത്സ വീടിന് വളരെ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ ലഭിക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത. കാൻസർ രോഗത്തിന്റെ മൂർധന്യാവസ്ഥ തടയുന്നതിനും ചികിത്സ പൂർണമായും ഉറപ്പാക്കാനും സാധിക്കുന്നു. മാത്രമല്ല യാത്ര ഒഴിവാക്കുന്നതിലൂടെ കോവിഡ് രോഗവ്യാപനം ഒഴിവാക്കാനും സാധിക്കും.

ആർ.സി.സി.യിലെ ഡോക്ടർമാർ ടെലി കോൺഫറൻസ് വഴി രോഗികളുടെ ചികിത്സാ വിവരം അതത് കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് പറഞ്ഞ് കൊടുത്താണ് ചികിത്സ ഏകോപിപ്പിക്കുന്നത്. അത്തരക്കാരുടെ തുടർപരിശോധന, കീമോതെറാപ്പി, സാന്ത്വന ചികിത്സ, സഹായക ചികിത്സകൾ തുടങ്ങിയവ ഈ കേന്ദ്രങ്ങളിലൂടെ ചെയ്യാൻ കഴിയും.

# എസ്എൻഡിപി യോഗം തിരഞ്ഞെടുപ്പിലെ പ്രാതിനിധ്യ വോട്ടവകാശം ഹൈക്കോടതി റദ്ദാക്കി

കൊച്ചി: എസ്എൻഡിപി യോഗം തിരഞ്ഞെടുപ്പിൽ ഘടനാപരമായ പൊളിച്ചെഴുത്ത്. പ്രാതിനിധ്യ വോട്ടവകാശം ഹൈക്കോടതി റദ്ദാക്കി. എല്ലാ സ്ഥിരാംഗങ്ങൾക്കും വോട്ടവകാശം വേണമെന്ന ആവശ്യം കോടതി അനുവദിച്ചു.

കമ്പനി നിയമമനുസരിച്ച് കേന്ദ്രം നൽകിയ പ്രാതിനിധ്യ ഇളവാണ് കോടതി റദ്ദാക്കിയത്. അതു പ്രകാരമുള്ള 1999ലെ ബൈലോ ഭേദഗതിയും അസാധുവാക്കി. 200 പേർക്ക് ഒരു പ്രതിനിധിയെന്ന രീതിയിലുള്ള വോട്ടവകാശം ഭരണഘടനാവിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടി അയിത്തോട്ടു 177ാം നമ്പർ ശാഖയിലെ അംഗങ്ങളായ വിജയകുമാർ, ഭാഗ്യദാസ്, ധർമ്മരാജൻ, കൊല്ലം പട്ടത്താനം ശാഖാംഗമായ രാഘവൻ എന്നിവർ ഫയൽ ചെയ്ത റിട്ട് ഹർജിയിലാണ് ജസ്റ്റിസ് ടി ആർ രവിയുടെ ഉത്തരവ്.

1974ലെ കേന്ദ്ര ഉത്തരവ് അനുസരിച്ച് 100 അംഗങ്ങളുള്ള ഒരു ശാഖയ്ക്ക് ഒരു വോട്ട് എന്നതായിരുന്നു രീതി. എന്നാൽ 1999ൽ ബൈലോ ഭേദഗതി കൊണ്ടുവന്ന് ഇത് 200 അംഗങ്ങൾക്ക് ഒരു പ്രതിനിധി വോട്ട് എന്ന നിലയിലാക്കി. ഈ രീതിയെ ചോദ്യം ചെയ്താണ് ഹൈക്കോടതി സീനിയർ അഭിഭാഷകൻ കൂടിയായ എസ് ചന്ദ്രസേനൻ അടക്കമുള്ളവരുടെ നേതൃത്വത്തിൽ കോടതിയെ സമീപിച്ചത്. എസ്എൻഡിപി സംരക്ഷണ സമിതി പ്രസിഡന്റ് കൂടിയാണ് ചന്ദ്രസേനൻ. ഹൈക്കോടതി സിനിയർ അഭിഭാഷകരായ ജഗദീശചന്ദ്രൻ നായർ, ജോസഫ് കൊടിയന്തറ, ഡി അനിൽ, അനിൽ കായംകുളം, എസ് ചന്ദ്രസേനൻ എന്നിവർ കേസിൽ ഹാജരായി. ജനുവരി 17നു തന്നെ യോഗം തിരഞ്ഞെടുപ്പ് സ്റ്റേ ചെയ്ത് ഉത്തരവിറങ്ങിയിരുന്നു.

# എസ്എൻഡിപി യോഗത്തിന്റെ തെരഞ്ഞെടുപ്പ് രീതിക്ക് മാറ്റം വരും

കൊച്ചി: പ്രാതിനിധ്യ വോട്ടവകാശം റദ്ദു ചെയ്ത ഹൈക്കോടതി വിധി എസ്എൻഡിപി തിരഞ്ഞെടുപ്പു രീതിയിൽ വൻ മാറ്റം വരുത്തും. കഴിഞ്ഞ 25 വർഷത്തിലേറെയായി തുടരുന്ന തിരഞ്ഞെടുപ്പു രീതിയ്ക്കാണ് കോടതിയുടെ വിലക്കു വീണത്.

അതിദീർഘവും സങ്കീർണവുമായ തിരഞ്ഞെടുപ്പു പ്രക്രിയയാണ് ഇതോടെ എസ്എൻഡിപി യോഗം ഏറ്റെടുക്കേണ്ടിവരിക. ഇരുപതു ലക്ഷത്തോളം അംഗങ്ങളുള്ള സമുദായ സംഘടനയിൽ പുതിയ വോട്ടിങ് രീതി പ്രാബല്യത്തിലാക്കാൻ വൻ ചെലവും അധ്വാനവും വേണ്ടിവരും. നിഷ്പക്ഷമായി വോട്ടർ പട്ടിക തയാറാക്കുക എന്നതു തന്നെ വലിയൊരു പ്രയത്നമാണ്.

എസ്എൻഡിപി യോഗത്തിൽ 60,000 അംഗങ്ങൾ ഉണ്ടായിരുന്നപ്പോഴാണ് മൂന്നിനൊന്ന് എന്ന അനുപാതത്തിൽ പ്രാതിനിധ്യ സ്വഭാവത്തിൽ തിരഞ്ഞെടുപ്പു നടത്താൻ ഭേദഗതി വരുത്തുന്നത്.

ഇതു പിന്നീട് 1999 കാലത്ത് 200ൽ ഒന്ന് എന്ന രീതിയിലായി. തിരഞ്ഞെടുപ്പു രീതികളിൽ മാറ്റം വേണമെന്ന ആവശ്യമായി നൽകിയ ഹർജിയിൽ 2008ൽ കോടതി വാദിഭാഗത്തിന് അനുകൂലമായി വിധിച്ചു. ഭരണഘടന അനിവാര്യം എന്നാണ് എറണാകുളം ജില്ലാ കോടതി അന്ന് വിധിച്ചത്. ഇതിനെതിരെ എസ്എൻഡിപി യോഗം ഹൈക്കോടതിയിൽ അപ്പീൽ നൽകി. ഈ കേസിലാണ് ഇപ്പോൾ വിധി വന്നിരിക്കുന്നത്.

ഇതോടെ എസ്എൻഡിപി യോഗത്തിന്റെ ദശലക്ഷക്കണക്കിനു വരുന്ന അംഗങ്ങളിൽ പതിനായിരത്തോളം പേർ മാത്രം വോട്ടു ചെയ്ത് ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന രീതിയ്ക്ക് മാറ്റമുണ്ടാകും.

# 9.99 ലക്ഷം സ്കൂൾ കുട്ടികളെ വിളിച്ചു, 1,12,347 കുട്ടികൾക്ക് കൗൺസലിംഗ്

സംസ്ഥാനത്ത് കോവിഡ് അതിതീവ്ര വ്യാപനം ഉണ്ടായ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പിന്റെ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി സോഷ്യൽ സൈക്കോ സപ്പോർട്ട് ശക്തിപ്പെടുത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതിനായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ 957 മാനസികാരോഗ്യ പ്രവർത്തകരെയാണ് സജ്ജമാക്കിയിട്ടുള്ളത്. വീട്ടിലും ആശുപത്രിയിലും നിരീക്ഷണത്തിലും, ഐസോലേഷനിലും കഴിയുന്നവർക്ക് ഉണ്ടായേക്കാവുന്ന ടെൻഷൻ, ഉത്കണ്ഠ, ഉറക്കക്കുറവ് തുടങ്ങിയ പ്രശ്നങ്ങളും അവരുടെ ബന്ധുക്കൾക്കുള്ള ആശങ്കയും കണക്കിലെടുത്താണ് മാനസികാരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പ്, വനിത ശിശുവികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവരുടെ സഹകരണത്തോടെ മാനസികാരോഗ്യ പരിപാടിയിയുടെ കീഴിൽ സ്കൂൾ കൗൺസിലർമാരേയും ഐ.സി.ടി.സി. അഡോളസന്റ് ഹെൽത്ത് കൗൺസിലർമാരെയും ഉൾപ്പെടുത്തിയാണ് മാനസികാരോഗ്യ സാമൂഹിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നത്.

ഐസോലേഷനിലുള്ള ഓരോരുത്തരുമായും മാനസികാരോഗ്യ പ്രവർത്തകർ ബന്ധപ്പെടുന്നുണ്ട്. എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉള്ളവർക്ക് അതിനുള്ള പരിഹാര മാർഗങ്ങളും ചികിത്സയും മാനസികാരോഗ്യ പരിപാടിയിലെ വിദഗ്ധർ നൽകുന്നു. കുടുംബാംഗങ്ങൾക്കും ആവശ്യമെങ്കിൽ കൗൺസിലിംഗ് നൽകും.

കേരളത്തിൽ കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ മാനസികാരോഗ്യ പരിപാടിയുടെ നേതൃത്വത്തിൽ ഇതുവരെ ഒന്നേകാൽ കോടിയിലധികം പേർക്ക് സൈക്കോ സോഷ്യൽ സപ്പോർട്ട് സേവനങ്ങൾ നൽകിയിട്ടുണ്ട്. ആശുപത്രിയിലും വീട്ടിലും നീരിക്ഷണത്തിലും ഐസോലേഷനിലും കഴിഞ്ഞിരുന്ന 75.64 ലക്ഷം പേർക്ക് മാനസികാരോഗ്യ പരിചരണം നലകി. 74,087 ഭിന്നശേഷി കുട്ടികൾക്കും, മനോരോഗ ചികിത്സയിൽ ഇരിക്കുന്ന 31,520 പേർക്കും ഇത്തരത്തിൽ സേവനം ലഭ്യമാക്കി. കോവിഡ് നിയന്ത്രണ രംഗത്ത് പ്രവർത്തിക്കുന്നവരിൽ മാനസിക സമ്മർദം ലഘൂകരിക്കുന്നതിനും മാനസികാരോഗ്യം നിലനിർത്തുന്നതിനും പദ്ധതി ആവിഷ്കരിച്ചു. 64,194 ജീവനക്കാർക്കാണ് മാനസികാരോഗ്യ പരിചരണം നൽകിയത്. നീരിക്ഷണത്തിലിരുന്ന 75,64,227 പേർക്ക് ആശ്വാസ കോളുകൾ നൽകി. ബുദ്ധിമുട്ടുകൾ ഉള്ളവർക്ക് 32,12,102 ഫോളോ അപ്പ് കോളുകളും നൽകിയിട്ടുണ്ട്. 92,601 കോളുകളാണ് ഹെൽപ്പ് ലൈൻ നമ്പറിൽ ലഭിച്ചത്. കോവിഡ് കാലത്ത് കുട്ടികൾ അനുഭവിക്കുന്ന പലവിധ മാനസിക പ്രശ്നങ്ങൾ നേരിടുന്നതിനും ആത്മഹത്യാ പ്രവണത ചെറുക്കുന്നതിനുമായി 'ഒറ്റയ്ക്കല്ല ഒപ്പമുണ്ട്' സേവനങ്ങൾ സ്കൂൾ കുട്ടികളിലേക്കും വ്യാപിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് 9,99,722 കോളുകൾ സ്കൂൾ കുട്ടികൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 1,12,347 കുട്ടികൾക്ക് കൗൺസിലിംഗ് സേവനങ്ങളും ലഭ്യമാക്കി. സംസ്ഥാന അടിസ്ഥാനത്തിൽ ദിശ ഹെൽപ് ലൈൻ 104, 1056, 0471 2552056 എന്നീ നമ്പറുകളിൽ 24 മണിക്കൂറും സേവനം ലഭ്യമാണ്.

# ദർഘാസ് ക്ഷണിച്ചു

ഭക്ഷ്യസുരക്ഷാ വകുപ്പ് കോഴിക്കോട് ജില്ലാ അസിസ്റ്റന്റ് കമ്മിഷണർ ഓഫിസിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വർക്ക് പ്ലാൻ 202122ന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ പരിശോധനകൾക്കും സാംപ്ലിങ് പ്രവർത്തനങ്ങൾക്കുമായി അഞ്ചു മാസത്തേക്കു കരാർ അടിസ്ഥാനത്തിൽ ഡ്രൈവർ ഉൾപ്പെടെ വാഹനം ലഭ്യമാക്കുന്നതിനു ദർഘാസ് ക്ഷണിച്ചു. പരമാവധി 2000 കിലോമീറ്ററിന് പരമാവധി 40,000 രൂപയായിരിക്കും പ്രതിമാസ വാടക. ദർഘാസ് ഫോറങ്ങൾ ജനുവരി 27 മുതൽ 29 വരെ ഉച്ചയ്ക്ക് ഒരു മണി വരെ ഓഫിസിൽ ലഭിക്കും. ജനുവരി 31ന് വൈകിട്ടു നാലു വരെ ദർഘാസുകൾ സ്വീകരിക്കും. ഫെബ്രുവരി ഒന്നിനു വൈകിട്ട് മൂന്നിന് ദർഘാസ് ഫോറം തുറക്കും. കൂടുതൽ വിവരങ്ങൾക്ക് ഓഫിസുമായി ബന്ധപ്പെടുക. വിലാസം : ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മിഷണറുടെ കാര്യാലയം, ഐ.പി.ഡി. ബിൽഡിങ്, കോട്ടപ്പറമ്പ, കോഴിക്കോട് 673 001, ഇമെയിൽ: acfskozhikode@gmail.com, ഫോൺ: 0495 2720744.

# അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ ഡിപ്ലോമ ഇൻ പ്രോഡക്ട് ഡിസൈൻ എൻജിനിയറിങ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. എൻജിനിയറിങ് ബിരുദമോ എൻജിനിയറിങ്ങിൽ ഡിപ്ലോമയോ ഉള്ളവർക്ക് (ആർക്കിടെക്ചർ ഒഴികെ) അപേക്ഷിക്കാം. കുറഞ്ഞത് രണ്ട് വർഷത്തെ പ്രവൃത്തി പരിചയം വേണം. താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി വഴുതക്കാട് കെൽട്രോൺ നോളേജ് സെന്ററിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 8590605260 ,9188665545.

# മാലിന്യം സമ്പത്താക്കിമാറ്റുന്ന ക്ലീൻ സിറ്റി മേയർ

മാലിന്യം സമ്പത്താക്കി മാറ്റി ക്ലീൻ സിറ്റിയെന്ന ലക്ഷ്യം സാധ്യമാക്കുമെന്ന് മേയർ പ്രസന്ന ഏണസ്റ്റ്. കുരീപ്പുഴയിൽ ബയോമൈനിംഗിലൂടെ വേർതിരിച്ചെടുക്കുന്ന മാലിന്യത്തിൽ നിന്നുള്ള ഉപോത്പന്നമായ സിമന്റ് ഫാക്ടറികൾക്ക് കൈമാറുന്ന പദ്ധതിയുടെ ഉദ്ഘാടനവും ഫ്ളാഗ് ഓഫും നിർവഹിക്കുകയായിരുന്നു മേയർ.

3000 ടൺ മാലിന്യമാണ് ആദ്യഘട്ടത്തിൽ വേർതിരിച്ച് കൽക്കരിക്കും വിറകിനും പകരമായ ഇന്ധനമായി ഉപയോഗിക്കാൻ പര്യാപ്തമാക്കിയത്. ഇതേ മാതൃക പിന്തുടർന്നാൽ ഒരു വർഷത്തിനകം മാലിന്യ കൂമ്പാരം ഇവിടെ നിന്ന് നീക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വീടുകളിൽ തന്നെ ഉറവിട മാലിന്യ സംസ്കരണം സാധ്യമാക്കുന്നതിനായി സംവിധാനവും ഒരുക്കുന്നു. ഇതിന്റെ ഭാഗമായി ഈ മാസം 31 നകം 40 ബയോഗ്യാസ് പ്ലാന്റുകൾ കൂടി ലഭ്യമാക്കുകയാണ് എന്നും മേയർ വ്യക്തമാക്കി.

ഡെപ്യൂട്ടി മേയർ കൊല്ലം മധു അധ്യക്ഷനായി. എം. എൽ. എ മാരായ എം. മുകേഷ്, ഡോ. സുജിത്ത് വിജയൻ പിള്ള, കോർപറേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ അധ്യക്ഷരായ ഗീതാകുമാരി, എസ്. ജയൻ, ജി. ഉദയകുമാർ, എ. കെ. സവാദ്, യു. പവിത്ര, സവിതാദേവി, ഹണി, വാർഡ് കൗൺസിലർ ശ്രീലത, മറ്റു ജനപ്രതിനിധികൾ, അഡീഷണൽ സെക്രട്ടറി എ. എസ്. ശ്രീകാന്ത്, സൂപ്രണ്ടിംഗ് എഞ്ചിനീയർ എം. എസ്. ലത, മലിനീകരണ നിയന്ത്രണ ബോർഡ് എഞ്ചിനീയർ പി. സിമി, അസിസ്റ്റന്റ് എഞ്ചിനീയർ സന്തോഷ്, ഹെൽത്ത് സൂപർവൈസർ രാംകുമാർ, സിഗ്മ ഗ്ലോബൽ മാനേജിംഗ് ഡയറക്ടർ നാഗേഷ് പ്രഭു തുടങ്ങിയവർ പങ്കെടുത്തു.

# ക്ലാർക്ക് ദിവസവേതന നിയമനം

ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ ഓഫീസിൽ സ്കോളർഷിപ്പ് ആനുകല്യ വിതരണവുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി ജോലികൾ നിർവഹിക്കുന്നതിനായി ക്ലാർക്ക് തസ്തികയിൽ 90 ദിവസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ടെക്നിക്കൽ എഡ്യൂക്കേഷൻ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് എന്നീ വകുപ്പുകൾ അംഗീകരിച്ച ഡാറ്റാ എൻട്രി ഓപ്പറേറ്റർ കോഴ്സ് വിത്ത് ട്രെയിനിംഗ് ഇൻ എം.എസ് ഓഫീസ് അല്ലെങ്കിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ അല്ലെങ്കിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ, ബന്ധപ്പെടേണ്ട ഫോൺ നമ്പർ, ഇമെയിൽ ഐ.ഡി സഹിതമുള്ള അപേക്ഷ ഫെബ്രുവരി രണ്ടിന് വൈകിട്ട് അഞ്ചിന് മുമ്പ് റ ശൃലരഴ്യ.ാഠറ@ഴാമശഹ.രീാ എന്ന ഇമെയിലിലേക്ക് അയയ്ക്കണം. ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലാകും നിയമനം

# കർഷക കടാശ്വാസ കമ്മിഷൻ സിറ്റിങ്: അപേക്ഷകർ ബാങ്കിൽ ഹാജരാകേണ്ട

കർഷക കടാശ്വാസ കമ്മിഷൻ ജനുവരി 28, 29 തീയതികളിൽ കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നടത്തുന്ന ഓൺലൈൻ സിറ്റിങ്ങുമായി ബന്ധപ്പെട്ട് അപേക്ഷകർ ബാങ്കിൽ ഹാജരാകണമെന്നു നിർദേശിച്ചിരുന്നെങ്കിലും കോവിഡ് നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ വേണ്ടെന്ന് സെക്രട്ടറി അറിയിച്ചു. കമ്മിഷനിൽനിന്ന് അറിയിപ്പു ലഭിച്ചവർ ഫോൺ മുഖേന ബാങ്കിലോ കമ്മിഷൻ ഓഫിസിലോ ബന്ധപ്പെടണം. കൂടുതൽ വിവരങ്ങൾക്ക് 0471 2743783.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.